India ECHOES
ONE WORLD ONE HUMANITY
ശ്രീ രാം ചന്ദ്ര മിഷൻ®



## ചെന്നൈ

### ഇന്ത്യയിലെ സ്കോളർഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാം (ഏപ്രിൽ 16–24)

ഇന്ത്യയിലെ സ്കോളർഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാമിൻെറ ഉദ്ഘാടന സമാപന സമ്മേളനങ്ങളിൽ മാസ്റ്റർ പങ്കെടുക്കുകയും സംസാരിക്കുകയും ചെയ്തു. തൻെറ ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു "സഹജമാർഗ അദ്ധ്യാപനത്തിലെ മുഖ്യ ആധാരം പ്രാണാഹുതിയാണ്. പ്രാണാഹുതി ഒരു പരിശീലന പ്രക്രിയയാണ്. 'പ്രാണൻെറ പ്രാണൻ' പ്രദാനം ചെയ്യുന്ന ഒരു നടപടിക്രമമാണ്. നമ്മിലേക്ക് ഗുരുവിൻെറ കൃപയും ചൈതന്യവും പ്രേഷണം ചെയ്യുന്ന ഒരു പ്രക്രിയകൂടിയാണ് ഇത്." സമാപന പ്രഭാഷണത്തിൽ ഇവിടെനിന്നും നാം ഉൾക്കൊണ്ടതെല്ലാം നമ്മുടെ നിത്യജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടതിൻെറ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു. തൻെറ കോട്ടേജിലിരുന്ന് ഈ പരിപാടിയിൽ നടത്തിയ പ്രഭാഷണങ്ങളെല്ലാം അദ്ദേഹം സിസിടിവിയിലൂടെ വീക്ഷിച്ചു.

### ബാബുജിയുടെ മഹാസമാധിദിനം: ഏപ്രിൽ 19, 2011

മാസ്റ്റർ നേരത്തെ എഴുന്നേറ്റ്, പ്രഭാത ഭക്ഷണത്തിനു മുമ്പുതന്നെ, പ്രിഫക്റ്റുകൾക്ക് സിറ്റിംഗ് കൊടുക്കുന്നതിലും ഇമെയിൽ പരിശോധിക്കുന്നതിലും വ്യാപൃതനായി. രാവിലെ സത്സംഗം നടത്തുവാൻ അദ്ദേഹം ഉദ്ദേശിച്ചിരുന്നില്ലെങ്കിലും, ആശ്രമത്തിൽ, മാസ്റ്ററായിരിക്കും അത് നിർവ്വഹിക്കുക എന്ന സംസാരം നിറഞ്ഞു നിന്നിരുന്നു. മാസ്റ്റർക്ക് ഈ വിവരം ആശ്ചര്യഹേതുവായെങ്കിലും, സത്സംഗം അദ്ദേഹം തന്നെ നടത്തുവാൻ തീരുമാനിച്ചു. അദ്ദേഹം ധ്യാനഹാളിലേക്ക് വരുകയും, മാലകൾ തയ്യാറല്ലാത്തതിനാൽ അതിനായി കാത്തിരിക്കുകയും ചെയ്തു. പടികൾക്കരികെ മാലകൾക്കായി പതിനഞ്ചു മിനിറ്റോളം അദ്ദേഹം കാത്തിരുന്നു. മാലകൾ എത്തിയതിനു ശേഷമെ അദ്ദേഹം പടികൾ കയറിയുള്ളു. ലാലാജിയുടേയും ബാബുജിയുടേയും ചിത്രങ്ങളിൽ മാലയർപ്പിച്ച ശേഷം അദ്ദേഹം സത്സംഗം നടത്തി.

### ബാബുജി മഹരാജിൻെറ ജന്മദിനാഘോഷം

ഏപ്രിൽ 29 മുതൽ മേയ് 1–ാം തിയതി വരെ രാവിലെ 7.30–നും വൈകീട്ട് 5 മണിക്കും സത്സംഗത്തോടെ ഒരു ത്രിദിന പരിപാടി നടത്തി. ഏകദേശം 4000ത്തോളം അഭ്യാസികൾ ഈ ആഘോഷത്തിൽ പങ്കെടുത്തു. മൂന്നു ദിവസവും രാവിലെയുള്ള സത്സംഗം മാസ്റ്റർ തന്നെ നടത്തി. ഓരോ സത്സംഗവും ഒരു മണിക്കൂർ പതിനഞ്ചു മിനിറ്റോളം നീണ്ടുനിന്നിരുന്നു. മേയ് ഒന്നാം തിയതിയിലെ അവസാന സത്സംഗം ഒരു മണിക്കൂറും ഇരുപത്തിയഞ്ചു മിനിറ്റും നീണ്ടുനിന്നു. മംഗളകരമായ ഏപ്രിൽ 30–ാം തിയതി, എട്ട് കല്ല്യാണങ്ങൾ മാസ്റ്റർ നടത്തി. രണ്ടു സഹോദരിമാരുടെ ഭജൻ ആലാപനവും ഉണ്ടായി. ഒട്ടനവധി പുസ്തകങ്ങളും സിഡികളും അദ്ദേഹം പുറത്തിറക്കി. ജൂലായ് 24–ന് നടക്കുന്ന ജന്മദിനാഘോഷവേളയിൽ പുറത്തിറക്കുവാനുദ്ദേശിക്കുന്ന ചിത്രങ്ങൾ മുൻകൂട്ടി ഉറപ്പാക്കുവാൻ അദ്ദേഹത്തിൻെറ പൗത്രൻ ഭാർഗ്ഗവ് അഭ്യർത്ഥിച്ചു. ഗസെബൊയിൽ പ്രദർശിപ്പിച്ച ഈ ചിത്രങ്ങൾ മാസ്റ്റർ നടന്നു കണ്ടു. ആശ്രമത്തിനു ചുറ്റും നടത്തിയ അദ്ദേഹത്തിൻെറ ഈ യാത്രയിൽ അകമ്പടി സേവിച്ചുകൊണ്ട് ചെറു മഴയുമുണ്ടായിരുന്നു.

ഹൈദരാബാദ് സെൻററിലെ അഭ്യാസികൾ അവതരിപ്പിച്ച ഒരു നാടകം 6.30–ന് അരങ്ങേറി. ആദ്ധ്യാത്മിക യാത്രയിൽ ഒരു അന്വേഷകൻ തിരഞ്ഞെടുക്കേണ്ടത് എന്തൊക്കെയാണ് എന്നും, സംശയത്താലും മുൻ വിധിയാലും, ഭയം, ദ്വേഷ്യം, മടി മുതലായവയാലും ഉണ്ടാക്കപ്പെടുന്ന തടസ്സങ്ങളെ വിശ്വാസം, സ്നേഹം, ക്ഷമ, അച്ചടക്കം, ഇച്ഛാശക്തി തുടങ്ങിയ ഉയർന്ന തലത്തിലുള്ള വൈശിഷ്ട്യങ്ങളാൽ എങ്ങനെ മറികടക്കാമെന്നും ഈ നാടകത്തിലൂടെ അവതരിപ്പിക്കപ്പെട്ടു. ധ്യാനഹാളിലെ ഉണർവ്വുള്ള അന്തരീക്ഷത്തിൽ എല്ലാവരുടേയും ഹൃദയങ്ങളെ ഉദ്ദീപിച്ചുകൊണ്ട് ഇത് നന്നായി അവതരിപ്പിക്കപ്പെട്ടു. മാസ്റ്റർ, പിന്നീട് ഇതിൽ പങ്കെടുത്തവരെയെല്ലാം കോട്ടേജിൽ വെച്ച് കണ്ടു. മേയ് ഒന്നാം തിയതി വൈകീട്ട് ബുദ്ധൻെറ കഥയെ ആസ്പദമാക്കിയുള്ള ഒരു നാടകം ചെന്നൈയിലെ യുവാക്കൾ അവതരിപ്പിച്ചു. സിസിടിവിയിലൂടെ മാസ്റ്റർ ഇത് വീക്ഷിച്ചു.

മേയ് 1–ാം തിയതി ഈ ത്രിദിന പരിപാടി അവസാനിച്ചു എങ്കിലും മാസ്റ്റർ നടത്തിയ ആദ്ധ്യാത്മിക ജോലി നമ്മുടെ ഹൃദയങ്ങളിൽ നില നിൽക്കുകയും വളർച്ച പ്രാപിക്കുകയും ചെയ്യുമെന്നത് ഉറപ്പാണ്. ഒരു ദിവസത്തെ താമസത്തിനായി മാസ്റ്റർ ഗായത്രിയിലേക്ക് പോകുകയും അവിടെനിന്ന് റോഡ് മാർഗ്ഗം മേയ് 3–ന് ബാംഗ്ലൂരിലേക്ക് യാത്ര തിരിക്കുകയും ചെയ്തു.






വാല്യം 4 ലക്കം 4 ജൂലൈ 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

# എഡൈസിസ് സെമിനാർ

ബാംഗ്ലൂർ, മേയ് 5 മുതൽ 14, 2011



കഴിഞ്ഞ മുപ്പതു വർഷത്തോളമായി മിഷൻ അളവും പരിധിയും ഇല്ലാത്ത രീതിയിൽ വളർച്ച പ്രാപിച്ചിട്ടുണ്ട്. സഹജമാർഗ അദ്ധ്യാപനത്തിൻേറയും പരിശീലനക്രമത്തിൻേറയും പരിശുദ്ധി നിലനിർത്തിക്കൊണ്ട് മിഷനെ തുടർന്നും സേവിക്കുന്നതിനാവശ്യമായ മിഷൻെറ സംഘടനാപരമായ ചട്ടക്കൂടിന് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുവാനുള്ള ശ്രമം മാസ്റ്റർ ആരംഭിച്ചു.

ഇന്ന് ലോകത്തുള്ള പ്രസിദ്ധരായ മാനേജ്മെൻറ് ചിന്തകരിൽ പ്രമുഖനായ ഡോ. ഇചാക് എഡൈസിസിനെ ഈ ആവശ്യത്തിനായി മാസ്റ്റർ നിയോഗിച്ചു. സഹജമാർഗത്തിൻെറ വൈവിധ്യത്തെ പ്രതിനിധീകരിച്ച് തിരഞ്ഞെടുക്കപ്പെട്ട ഇരുപത്തി അഞ്ചോളം വരുന്ന അഭ്യാസികളുടെ ഒരു കൂട്ടം ഡോ. എഡൈസിസുമായും മാസ്റ്ററുമായും പരംധാമിൽ വെച്ച് ഗാഢമായ പര്യാലോചനയിൽ ഏർപ്പെട്ടു.

എഡൈസിസിൻെറ പദ്ധതി സ്വീകരിക്കുകയും ശ്രീ രാം ചന്ദ്ര മിഷൻേറയും അതിൻെറ സഹോദര സ്ഥാപനങ്ങളുടേയും സംഘടനാപരമായ ഭാവിയെ കെട്ടി പടുക്കുന്നതിന് അത് ഉപയുക്തമാക്കുവാനും തീരുമാനിച്ചു. താഴെ പറയുന്ന ലക്ഷ്യത്തോടെയാണ് സംഘടനയുടെ രൂപപ്പെടുത്തൽ നടത്തിയത്:

- അഭിലാഷിക്കു നൽകി വരുന്ന ആദ്ധ്യാത്മിക പിന്തുണ തുടർന്നും ഉറപ്പാക്കുകയും സുദൃഢമാക്കുകയും ചെയ്യുക,
- മിഷനിൽ, സേവനത്തിൻേറയും കൂട്ടായ്മയുടേയും ഭാവം നിലനിർത്തുക
- ആദ്ധ്യാത്മിക ലക്ഷ്യത്തിനു തടസ്സമാകാത്ത, കെട്ടുറപ്പുള്ള ഒരു സംഘടനക്ക് രൂപം നൽകുക, അവസാനമായി
- മാസ്റ്ററിൽ ഏറി വരുന്ന ഭരണപരമായ ഭാരം ലഘൂകരിക്കുക

ഈ പരിചിന്തനങ്ങൾ പ്രധാനമായ മൂന്നു ഫലങ്ങളാണുളവാക്കിയത്:

സഹജമാർഗത്തെ ഭാവിയിലേക്ക് നയിക്കാനുതകുന്ന ഒരു സംഘടനയുടെ ചട്ടക്കൂട് ഉണ്ടാക്കൽ, മാസ്റ്ററെ അദ്ദേഹത്തിൻെറ ലക്ഷ്യം നിറവേറ്റുവാനായി സഹായിക്കുവാൻ പറ്റിയ ഒരു ആഗോളസേവന സംഘത്തിൻെറ തിരഞ്ഞെടുപ്പ്.

അവിടെ നടന്ന ചർച്ചയുടെ സത്ത ഉൾക്കൊണ്ട്, സഹജമാർഗ സേവന ഉടമ്പടി രൂപവൽക്കരിക്കുകയും മാസ്റ്ററടക്കം പങ്കെടുത്തവരെല്ലാവരും ഇതിൽ ഒപ്പു വെക്കുകയും ചെയ്തു.

സ്നേഹത്തിനും സേവനത്തിനുമായുള്ള പ്രതിജ്ഞാബദ്ധത ഉറപ്പാക്കൽ. മാസ്റ്റർ പറഞ്ഞത് "സ്നേഹമാണ് നമ്മുടെ മന്ത്രം, അതാണ് നമ്മുടെ പ്രവർത്തന ശക്തി, അതു തന്നെയാണ് നമ്മുടെ പ്രാർത്ഥനയും!" സേവനത്തെപ്പറ്റി അദ്ദേഹം പറഞ്ഞത്, "നമ്മുടെ മോചനം നിസ്വാർത്ഥമായ സേവനത്തിലൂടെ മാത്രമെ സാദ്ധ്യമാകൂ"! എന്നാണ്.

ലോകമെമ്പാടുമുള്ള മിഷൻേറയും സഹോദരസ്ഥാപനങ്ങളുടേയും നടത്തിപ്പിൻെറ ഉത്തരവാദിത്വം, മാസ്റ്ററുടെ നേതൃത്വത്തിലും നിർദ്ദേശപ്രകാരവും, ഈ സംഘത്തിനായിരിക്കും.

## ബാംഗ്ലൂർ

ഉച്ചതിരിഞ്ഞ് ഏകദേശം 2.15 ന് മാസ്റ്റർ നാട്രംപള്ളിയിൽ നിന്നുമിറങ്ങി. അഞ്ചു മണിയോടെ ബാംഗ്ലൂർ ക്രെസ്റ്റിൽ എത്തിച്ചേർന്നു. പ്രസാദം അർപ്പിച്ചതിനുശേഷം കുറച്ചു വിശ്രമിക്കുകയും, ഗോൾഫ് കാർട്ടിൽ ചുറ്റി, പുതിയ കെട്ടിടത്തിൻെറ നിർമ്മാണം വിശകലനം നടത്തുകയും ചെയ്തു. അതിനുശേഷം അദ്ദേഹം സത്സംഗം നടത്തി.

പിറ്റേന്ന് രാവിലെ സത്സംഗത്തിനു ശേഷം ഗോൾഫ് കാർട്ടിൽ ചുറ്റി നടന്ന് വഴിയിലുടനീളം നിന്നിരുന്ന അഭ്യാസികളുമായി സംസാരിച്ചു. ഇത് ഏകദേശം ഒരു മണിക്കൂറോളം തുടർന്നു. കുറച്ചു കഴിഞ്ഞ് അദ്ദേഹം പട്ടണത്തിലേക്ക് പോയി. 5–ാം തിയതി എഡൈസിസ് സെമിനാറിനായുള്ള പരംധാമിലെ ഒരുക്കങ്ങൾ അദ്ദേഹം വിലയിരുത്തി. ഒരുക്കങ്ങളിൽ അദ്ദേഹം സംതൃപ്തി പ്രകടിപ്പിച്ചു.



## ആഗോള സേവന സംഘം

| | |
|---|---|
| പി.ആർ.കൃഷ്ണ | സ്പിരിച്വൽ പ്രോഗ്രാം ഡെവലപ്മൻറ് |
| സൻജെയ് ഭാട്ടിയ | പ്രെസിഡൻറ്, ലാലാജി മെമ്മോറിയൽ എഡ്യൂക്കേഷണൽ സൊസൈറ്റി |
| സന്തോഷ് ശ്രീനിവാസൻ | സ്പിരിച്വൽ ട്രെയിനിംഗ് ഡെലിവറി |
| റിഷബ് കൊത്താരി | മെമ്പർ സർവീസ് |
| ചക് ശ്രീപ്രസാദ് | കണ്ടിന്യുവസ് ഇംപ്രൂവ്മെൻറ് |
| രാജേന്ദ്ര സിംഗ് രാത്തോഡ് | സ്പിരിച്വൽ സർവീസ്, ഇന്ത്യ |
| പോൾ എം ജൂൾ | സ്പിരിച്വൽ സർവീസ്, വെസ്റ്റ് |
| നിതിൻ ഗോവില | സ്പിരിച്വൽ സർവീസ്, ഈസ്റ്റ് |
| വില്ല്യം വേകോട്ട് | സ്പിരിച്വൽ സർവീസ്, അമേരികാസ് |
| എൻ.എസ്.നാഗരാജ | സ്പിരിച്വൽ സർവീസ്, സിഐഎസ് |
| ശരത് ഹെഗ്ഡെ | കമ്മ്യൂണിറ്റി ഡെവെലപ്മൻറ് |
| സുധീർ മർവഹ | ഗ്ലോബൽ ഫിക്സഡ് എസ്സെറ്റ്സ് സപ്പോർട്ട് |
| സന്തോഷ് കാൻജീ | ഗ്ലോബൽ ഫിക്സഡ് ഓപറേഷൻസ് സപ്പോർട്ട് |
| കമലേഷ് പട്ടേൽ | ഓംബുഡ്സ്മാൻ |

വാല്യം 4 ലക്കം 4 ജൂലൈ 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്രോസ് ഇന്ത്യ വാർത്താപത്രിക


ഈറോഡ്


മലമ്പുഴ

## തമിഴ്നാടിലൂടെയുള്ള യാത്ര

ബാംഗ്ലൂരിൽനിന്നും മേയ് 14–ാം തിയതി മാസ്റ്റർ കൃഷ്ണഗിരി ആശ്രമത്തിലെത്തി. ബാംഗ്ലൂരിൽനിന്നും വന്ന അഭ്യാസികൾക്കും അടുത്തുള്ള സെൻററുകളിൽനിന്നും വന്നവർക്കുമായി മാസ്റ്റർ സത്സംഗം നടത്തി. സത്സംഗത്തിനുശേഷം വളരെ ഉല്ലാസവാനായിരുന്ന മാസ്റ്റർ അഭ്യാസികളുമായി തമാശ പറഞ്ഞു. പിന്നീട് മാസ്റ്റർ ഈറോഡിലേക്ക് പോയി.

ഏകദേശം 12.30–യോടെ മാസ്റ്റർ ഈറോഡിലെത്തി. യാത്രാക്ഷീണമുണ്ടായിരുന്നെങ്കിലും അഭ്യാസികളുടെ സാന്നിദ്ധ്യം അദ്ദേഹത്തെ സന്തോഷവാനാക്കി. കുറച്ചു നേരത്തെ വിശ്രമത്തിനുശേഷം നാലുമണിയോടെ ഭക്ഷണശാല ഉദ്ഘാടനം ചെയ്യുകയും അവിടെ സന്നിഹിതരായിരുന്ന ഏകദേശം ആയിരം അഭ്യാസികൾക്കായി സത്സംഗം നടത്തുകയും ചെയ്തു. 12–ാം ക്ലാസ്സ് പരീക്ഷ എഴുതിയിരിക്കുന്ന ചില അഭ്യാസികളുടെ മക്കളെ മാസ്റ്റർ പരിശീലനം തുടങ്ങാനായി സത്സംഗത്തിൽ പങ്കെടുക്കുവാൻ അനുവദിച്ചു. പിന്നീട്, ആശ്രമത്തിൻെറ വികസനത്തെക്കുറിച്ച് അദ്ദേഹം സെൻറർ ഇൻ ചാർജ്ജുമാരുമായും പ്രിഫക്റ്റുമാരുമായും ചർച്ച നടത്തി. ഈറോഡിൽനിന്നും തിരുപ്പൂർ ഡി.ജെ. പാർക്കിലേക്ക് വാഹനങ്ങളുടെ അകമ്പടിയോടെ അദ്ദേഹം പോയി. ഏകദേശം വൈകീട്ട് ആറു മണിയോടെ അവിടെയെത്തി.

ജൂലായ് 24–ാം തിയതിയിലെ മാസ്റ്ററുടെ ജന്മദിനാഘോഷത്തിനായി നിർമ്മിക്കുന്ന താത്കാലിക ധ്യാനഹാളിൻെറ നിർമ്മാണ പരിപാടി അദ്ദേഹം ഉദ്ഘാടനം ചെയ്തു. രാവിലെ 6.40–ന് പുതിയതായി നിർമ്മിച്ച താമസസൗകര്യങ്ങളും അദ്ദേഹം ഉദ്ഘാടനം ചെയ്തു. വിസ്തൃതമായ കെട്ടിടം ചുറ്റി നടന്നു കണ്ട അദ്ദേഹം ഉദ്ഘാടനത്തിനായി പശ്ചാത്തലത്തിൽ ഒരുക്കി വെച്ചിരുന്ന ബാബുജിയുടെ പടം ആസ്വദിച്ചു. പിന്നീട് അദ്ദേഹം 7 മണിയോടെ സത്സംഗം നടത്തി. സത്സംഗത്തിനായി നേരത്തെ എത്തി തയ്യാറായിരിക്കണമെന്ന് അദ്ദേഹം വീണ്ടും എല്ലാവരേയും ഓർമ്മിപ്പിച്ചു. ശയന മുറിക്ക് അദ്ദേഹം 'അമൈതിനിലയം' എന്ന് പേരിട്ടു. കേരളത്തിൽനിന്നുമുള്ള അറുനൂറോളം പേരുൾപ്പെടെ ഏകദേശം 3000 അഭ്യാസികൾ ഈയവസരത്തിൽ സന്നിഹിതരായിരുന്നു.

"വളർന്നു വരുന്ന ഒരു ചെടിക്ക് വെള്ളം എങ്ങനെയാണോ അതാണ് വിദ്യാഭ്യാസം കുട്ടികൾക്ക്. സൂര്യപ്രകാശം – വിവേകം – ചെടിയെ പൂർണ്ണമായി വളർന്ന് പുഷ്പിക്കുവാനും അതിൻെറ സുഗന്ധം പരത്തുവാനും സഹായിക്കുന്നു.

സ്നേഹം ആ സൂര്യനാണ്!!"

കുറച്ചു നേരത്തെ വിശ്രമത്തിനുശേഷം അദ്ദേഹം വളരെ ഉത്സാഹവാനായിരുന്നു. അടുത്തുള്ള സെൻററുകളിലേക്കുള്ള സന്ദർശനം അദ്ദേഹം ആസൂത്രണം ചെയ്തു. ചെന്നൈയിലെ ലാലാജി മെമ്മോറിയൽ സ്കൂളിൽനിന്നും വിജയികളായി പുറത്തു വരുന്ന കുട്ടികൾക്കായി പുറത്തിറക്കുന്ന സോവനീറിൽ പ്രസിദ്ധീകരിക്കാനായി ഒരു സന്ദേശം അദ്ദേഹം തയ്യാറാക്കി. തൻെറ ആരോഗ്യത്തേയോ, ഈ പ്രായത്തിൽ അനിവാര്യമായ സ്വകാര്യതയേയോ കണക്കിലെടുക്കാതെ അഭ്യാസികളുമായി സ്നേഹപൂർവ്വവും നിസ്വാർത്ഥമായും ഇടപെട്ടിരുന്നത് എല്ലാവരേയും വശീകരിക്കുന്ന ഒന്നായിരുന്നു.

വൈകീട്ട് ജൂലായ് ആഘോഷങ്ങൾക്കായുള്ള ഒരുക്കങ്ങൾ ചുറ്റിനടന്നു കണ്ടു. അദ്ദേഹം 'ആരാം ഡോം', പുതിയ മെഡിക്കൽ സെൻറർ പണിയാനായി കണ്ടു വെച്ച സ്ഥലം എന്നിവ സന്ദർശിച്ചു. പുതിയ മെഡിക്കൽ സെൻററിൻെറ രൂപരേഖ അദ്ദേഹത്തെ കാണിച്ചപ്പോൾ സന്തോഷത്തോടെ 'ഇതെൻെറ കയ്യിലിരിക്കട്ടെ' എന്ന് പറയുകയും ചെയ്തു. വളരെ നിമഗ്നമായ അന്തരീക്ഷത്തിൽ മുപ്പതു മിനിറ്റിൽ കൂടുതൽ കാത്തിരുന്ന അഭ്യാസികൾക്കായി 5.30–ന് അദ്ദേഹം സത്സംഗം നടത്തി.

16–ാം തിയതി രാവിലെ മലമ്പുഴയിലെ റിട്രീറ്റ് സെൻററിലേക്ക് തിരിച്ചു. അവിടെ പുതിയ കോട്ടേജ് അനക്സ് ഉദ്ഘാടനം നടത്തി. പ്രഭാത ഭക്ഷണത്തിനുശേഷം അഭ്യാസികളുമായി വളരെ സമയം സംസാരിച്ചു. 12.45–ഓടെ അദ്ദേഹം കോയമ്പത്തൂരിലേക്ക് തിരിച്ചു.

നച്ചിപാളയം ആശ്രമത്തിലെത്തിയ അദ്ദേഹം ഉച്ച ഭക്ഷണത്തിനുശേഷം കുറച്ചു സമയം വിശ്രമിച്ചു. 4 മണിക്ക് 600–ഓളം അഭ്യാസികൾക്കായി അദ്ദേഹം സത്സംഗം നടത്തി. 8.30 മണിയോടെ തിരുപ്പൂരിലേക്ക് യാത്ര തിരിച്ചു.


തിരുപ്പൂർ


കാംഗേയം

വാല്യം 4 ലക്കം 4 ജൂലൈ 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക


ഡിൻഡിഗൽ


ട്രിച്ചി

17-ാം തിയതി ഉച്ച തിരിഞ്ഞ് മാസ്റ്റർ തിരുപ്പൂരിൽനിന്നും 300കി.മി. അകലെയുള്ള കാങ്കേയം ആശ്രമം സന്ദർശിച്ചു. സ്നേഹം നിറഞ്ഞ വലിയൊരുകൂട്ടം അഭ്യാസികളുടെ സാന്നിദ്ധ്യത്തിൽ ഈ ചെറിയ ആശ്രമത്തിലെ കോട്ടേജും പുതിയ ധ്യാനഹാളും അദ്ദേഹം ഉദ്ഘാടനം ചെയ്തു. മാസ്റ്റർ ആസനസ്ഥനായ ശേഷമെ അഭ്യാസികൾ ധ്യാന ഹാളിലേക്ക് കടന്നുള്ളു. നിശ്ശബ്ദരായിരുന്ന അഭ്യാസികളോട് തമിഴിൽ 'ഈ നിശ്ശബ്ദതയ്ക്ക് എന്താണ് കാരണം' എന്ന് അന്വേഷിച്ചു. കുറച്ചു നിമിഷങ്ങൾക്കു ശേഷം അദ്ദേഹം മറുപടിയായി "ഇതിനർത്ഥം കുറച്ചു പുരോഗതിയുണ്ടായിട്ടുണ്ട് എന്നാണ്" എന്നു പറഞ്ഞു. സന്നിഹിതരായിരുന്ന 1700-ഓളം അഭ്യാസികൾക്കായി 4.30-ന് അദ്ദേഹം സത്സംഗം നടത്തി. 6.30-ഓടെ ഡിജെ പാർക്കിലേക്ക് തിരിച്ചു പോയി.

18-ാം തിയതി രാവിലെ മാസ്റ്റർ ഡിൻഡിഗൽ ആശ്രമ സന്ദർശനത്തിനായി 8.30-ന് എത്തിച്ചേർന്നു. ധ്യാനഹാൾ ഉദ്ഘാടനത്തിനുശേഷം 'ദയ ആശ്രമം' എന്ന് ആശ്രമത്തിന് പേരു നൽകി. പ്രഭാത ഭക്ഷണത്തിനു ശേഷം 250-ഓളം വരുന്ന അഭ്യാസികൾക്കായി സത്സംഗം നടത്തി.

11 മണിയോടെ ഡിൻഡിഗലിൽനിന്നും ട്രിച്ചിയിലേക്ക് അദ്ദേഹം യാത്ര തിരിച്ചു. കാർ മുന്നോട്ട് നീങ്ങുന്ന വേളയിൽ ഒരഭ്യാസി സീറ്റ് ബെൽട്ട് ഇടാനായി മാസ്റ്ററെ ഓർമ്മിപ്പിച്ചു."നിങ്ങളുടെയെല്ലാം നിറഞ്ഞ മുഖം കണ്ടപ്പോൾ ഞാൻ സീറ്റ് ബെൽട്ടിടാൻ മറന്നു പോയി" എന്ന് അദ്ദേഹം ഉല്ലാസഭരിതനായി പറഞ്ഞു. മാസ്റ്ററുടെ വാക്കുകൾ അഭ്യാസികളിൽ സന്തോഷവും ലാഘവത്വവും ഉളവാക്കി.

ഒരു മണിയോടെ മാസ്റ്റർ ട്രിച്ചിയിലെത്തി. ദീർഘയാത്രക്കുശേഷം വിശ്രമത്തിനും ഭരണപരമായ കാര്യങ്ങൾക്കുമായി അദ്ദേഹം സമയം വിനിയോഗിച്ചു. വൈകുന്നേരങ്ങളിൽ ചിലപ്പോൾ തുറന്ന സ്ഥലത്ത് അദ്ദേഹം സിനിമ കാണാറുണ്ട്. സത്സംഗത്തിനായി ഞായറാഴ്ച അദ്ദേഹം ആശ്രമത്തിലെത്തി. തന്റെ പ്രാർത്ഥന എപ്രകാരമാണ് അത്ഭുതകരമായി നിറവേറ്റിയതെന്ന് ഒരഭ്യാസി വിവരിച്ചപ്പോൾ "ആരു പ്രാർത്ഥിക്കുന്നു എന്നതല്ല; പ്രാർത്ഥനയിലെ ആത്മാർത്ഥതയാണ് പ്രധാനം" എന്ന് മാസ്റ്റർ പറഞ്ഞു. സത്സംഗത്തിനുശേഷം കുട്ടികൾ അവതരിപ്പിച്ച ചെറിയ ഒരു പരിപാടി നടന്നു. 23-ന് രാവിലെ 11 മണിയോടെ മാസ്റ്റർ ചെന്നൈയിലേക്ക് വിമാനമാർഗം തിരിച്ചു.

## ഒമേഗ സ്കൂളിലെ കുട്ടികളുമായി സത്കോലിൽ

മേയ് 27-ന് മാസ്റ്റർ ഡൽഹിയിലെത്തി. മാസ്റ്ററോടൊത്ത് സത്ക്കോലിലേക്ക് യാത്ര ചെയ്യുവാനായി ചെന്നൈയിലെ ഒമേഗ സ്കൂളിലെ 12-ാം ക്ലാസ്സ് കഴിഞ്ഞ് പുറത്തുവന്ന ആദ്യ ബാച്ചിലെ കുട്ടികൾക്ക് അവസരം ലഭിച്ചു. യാത്രക്കായി തയ്യാറായിരുന്ന വിദ്യാർത്ഥികളെല്ലാം ആർ.കെ പുരം ആശ്രമത്തിൽ മേയ് 28-ന് എത്തിച്ചേർന്നു. ഡൽഹി ആശ്രമത്തിനായി നിർദ്ദേശിക്കപ്പെട്ട സ്ഥലം മാസ്റ്റർ സന്ദർശിച്ചു.

അടുത്ത ദിവസം, ഞായറാഴ്ച, ഗുർഗോൺ ആശ്രമത്തിൽ മാസ്റ്റർ നടത്തിയ സത്സംഗത്തിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. സത്സംഗത്തിനുശേഷം അവിടത്തെ അഭ്യാസികൾ തങ്ങളുടെ സ്നേഹസ്മാരകമായി വിദ്യാർത്ഥികൾക്ക് ഓരോ അഭ്യാസി ഡയറിയും പേനയും സമ്മാനിച്ചു. അന്ന് വൈകീട്ട് മാസ്റ്റർ ആർ. കെ. പുരം ആശ്രമം മുന്നറിയിപ്പില്ലാതെ സന്ദർശിക്കുകയും വിദ്യാർത്ഥികളെ കണ്ട്, അവർക്കായി സത്സംഗം നടത്തുകയും ചെയ്തു.

മേയ് 30-ന് മാസ്റ്റർ മൊറാദാബാദ് സന്ദർശിക്കുന്നതിനായി രാവിലെ 7 മണിക്ക് തിരിച്ച് 11 മണിയോടെ എത്തിച്ചേർന്നു. വഴിയിലുണ്ടായ തടസ്സങ്ങളാൽ വിദ്യാർത്ഥികൾ മാസ്റ്റർ മൊറാദാബാദിൽ എത്തിയ ശേഷമാണ് എത്തിച്ചേർന്നത്. അവർ എത്തിചേരുന്നതിനായി മാസ്റ്റർ ആകാംക്ഷപൂർവ്വം കാത്തിരിക്കുകയായിരുന്നു. കുട്ടികൾ എത്തിയപ്പോൾ മാസ്റ്റർ തന്റെ മുറിയിൽനിന്നും പുറത്തുവന്ന് അവരെ സ്വീകരിച്ചു. അതിനുശേഷമാണ് തന്റെ ഉച്ചഭക്ഷണം കഴിച്ചതും വിശ്രമിച്ചതും.

വൈകീട്ട് മൂന്നു മണിയോടെ മാസ്റ്റർ രുദ്രാപൂർ സന്ദർശനത്തിനായി തിരിച്ചു. 6.45-ന് അദ്ദേഹം അവിടെ എത്തിച്ചേർന്നു. രാവിലെ ഒമ്പതു മണിക്ക് അദ്ദേഹം സിറ്റിംഗ് നൽകി. ഭക്ഷണശാലയിൽ വിദ്യാർത്ഥികളുമൊത്ത് ഭക്ഷണം കഴിക്കുവാൻ മാസ്റ്റർ തീരുമാനിച്ചു. അവരുമായി സംവദിക്കുവാൻ മാസ്റ്റർ സമയം കണ്ടെത്തി. ആദ്ധ്യാത്മികവും ഭൗതികവുമായ ജോലികൾ എങ്ങനെ വേർതിരിച്ചറിയാമെന്ന് ഒരു സഹോദരൻ ചോദിച്ചു. പ്രവൃത്തി, പ്രവൃത്തി മാത്രമാണെന്നും അതിനെ ആദ്ധ്യാത്മികം ഭൗതികം എന്ന പേരിൽ വേർതിരിക്കാനാവില്ലെന്നും അദ്ദേഹം മറുപടി നൽകി. ഒരു കുളിമുറി വൃത്തിയാക്കുന്നതുപോലെ, അത് ചെയ്യേണ്ടതാണെങ്കിൽ അത് ചെയ്തേ മതിയാകൂ. ഒരു സമചതുർഭുജത്തിന്റെ നാലു ഭാഗങ്ങളിലും ഓരോ ശക്തികളെന്ന പോലെ നമ്മെ പിടിച്ചു നിർത്തുന്നവയുമുണ്ട്. അവ കുടുംബം, സമൂഹം, മതം, ആഗ്രഹങ്ങൾ എന്നിവയാണ്. മദ്ധ്യഭാഗത്ത് ഉറച്ചുപോയ നമ്മെ ഈ നാലു ശക്തികളും


ഡൽഹി


മൊറാദബാദ്


രുദ്രാപൂർ

വാല്യം 4 ലക്കം 4 ജൂലൈ 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക


സത്കോൽ

പിടിച്ചു വലിക്കുന്നു. ഇവയുടെ സ്വാധീനത്തിൽനിന്നും രക്ഷ പ്രാപിക്കുമ്പോൾ നാം സ്വതന്ത്രരാവുന്നു. അതിനുശേഷം അദ്ദേഹം വിശ്രമത്തിനായി തന്റെ മുറിയിലേക്ക് മടങ്ങി.

## സത്ക്കോൽ

ജൂൺ 1–ന് രാവിലെ 7.00 മണിക്ക് സത്സംഗം കഴിഞ്ഞ് മാസ്റ്റർ സത്ക്കോലിലേക്ക് പുറപ്പെട്ടു. ഉച്ചക്കുശേഷം അവിടെ എത്തി. കാലാവസ്ഥ ശാന്തമായതും സുഖകരമായതുമായിരുന്നു. വൈകുന്നേരം മാസ്റ്റർ പുറത്തു വന്നിരുന്ന് അഭ്യാസികളുടെ ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞുകൊണ്ടിരുന്നു. ഈ ലോകം സുഖമനുഭവിക്കാനുള്ളതല്ല എന്ന് മാസ്റ്റർ പറഞ്ഞു. കാര്യങ്ങൾ പഠിക്കാനും വിവരങ്ങൾ മനസ്സിലാക്കാനുമാണ് നമുക്ക് പഞ്ചേന്ദ്രിയങ്ങൾ തന്നിട്ടുള്ളതെന്ന് മാസ്റ്റർ പറഞ്ഞു. പക്ഷേ നാം അവയെ സുഖമനുഭവിക്കാനായി ഉപയോഗപ്പെടുത്തുന്നു. ദൈവം നമുക്ക് ബുദ്ധി തന്നിരിക്കുന്നത് ശരിയായ ദിശ കണ്ടുപിടിക്കാനും ഹൃദയം തന്നിരിക്കുന്നത് ആ ദിശയിൽ സഞ്ചരിക്കാൻ ഇച്ഛാശക്തി വളർത്തിയെടുക്കാനുമാണ്.

മിക്ക ദിവസങ്ങളിലും അദ്ദേഹം വിദ്യാർത്ഥികളുടെ കൂടെ ഇരുന്ന് സംസാരിക്കുകയും തമാശ പറയുകയും ചെയ്തിരുന്നു. അതിലുമുപരി അവരെ സ്പർശിച്ച ആത്മീയ പ്രചോദനം നൽകുകയും ചെയ്തിരുന്നു.

ഒരു ചെറിയ പുസ്തകം, ഒരു സിഡി, മാസ്റ്റർ സ്വന്തം കൈകൊണ്ടെഴുതിയ ഒരു സന്ദേശം എന്നിവ അടങ്ങിയ 'സ്നേഹപൂർവ്വം ഒമേഗയിൽ നിന്നും' എന്നു ആലേഖനം ചെയ്തൊരു പുരസ്കാരം എല്ലാ കുട്ടികൾക്കും സമ്മാനിച്ചു.

അവസാന ദിവസം മാസ്റ്റർ കുട്ടികളോട് "മറ്റുള്ളവർ പറയുന്നത് കേട്ട് നിങ്ങളെ വിലയിരുത്തരുത്. മറ്റുള്ളവരെ നിങ്ങളുടെ കണ്ണാടിയാക്കരുത്. നിങ്ങൾ എന്താണോ അതാണെന്ന് മനസ്സിലാക്കി, എന്തായിതീരണമോ അതായിതീരുകയാണ് വേണ്ടത്. സഹജമാർഗമെന്നത് ഞാൻ എന്തായിരുന്നുവോ, അതിൽനിന്നുമെന്തായി തീരണം എന്നതിലേക്കുള്ള യാത്രയാണ്" എന്നു പറഞ്ഞു.

നാലിന് ഉച്ചക്കുശേഷം മാസ്റ്റർ രുദ്രാപ്പൂരിലെത്തി. വഴിയിൽ ഹൽദ്വാനി ആശ്രമത്തിൽ അൽപനേരം യാത്ര നിർത്തി. എന്നിട്ട് മൊറാദാബാദിലേക്ക് പുറപ്പെട്ടു. അന്നു രാത്രി അവിടെ താമസിച്ചു. 6–നു രാവിലെ പ്രഭാതഭക്ഷണവും, സത്സംഗവും കഴിഞ്ഞതിനുശേഷം ദില്ലിയിലേക്ക് പുറപ്പെട്ടു. 12.30–ന് അവിടെ എത്തി യാത്ര അവസാനിപ്പിച്ചു.

## സിംഗപ്പൂർ

ജൂൺ 16–ന് മാസ്റ്റർ സിംഗപ്പൂരിലെത്തി. സഹോദരൻ നിതിൻ ഗോവിലയുടെ വീട്ടിലാണ് മാസ്റ്റർ താമസിച്ചത്. സ്ഥലസൗകര്യം കുറവായതുകൊണ്ട് സത്സംഗം രാവിലെ വിദേശ അഭ്യാസികൾക്കും വൈകുന്നേരം അവിടത്തെ അഭ്യാസികൾക്കുമായി നടത്തി. ഇതിനിടയിലുള്ള സമയങ്ങളിൽ അഭ്യാസികൾ തമ്മിൽ പരിചയപ്പെടാൻ ശ്രമിക്കുകയും മാസ്റ്ററെ കാണാൻ കാത്തിരിക്കുകയും ചെയ്തു. സത്സംഗങ്ങളെല്ലാം മാസ്റ്ററാണ് നടത്തിയത്. 19–ന് എല്ലാ അഭ്യാസികളും മാസ്റ്ററെ സ്വീകരിക്കുവാൻ സിംഗപ്പൂർ ധ്യാനകേന്ദ്രത്തിൽ എത്തിച്ചേർന്നു. സത്സംഗത്തിനുശേഷം മാസ്റ്റർ അവിടെയുള്ളവരെയെല്ലാം അഭിവാദനം ചെയ്തു. മാസ്റ്റർ നടക്കുമ്പോൾ ഇരു ഭാഗത്തും നിന്നവരോട് സംസാരിക്കുകയും പുഞ്ചിരിക്കുകയും ചിലരുടെ തോളിൽ തട്ടി കുശലമന്വേഷിക്കുകയും, കുട്ടികൾക്ക് പ്രത്യേകം ആശംസകൾ നേരുകയുംചെയ്തു. വിവരിക്കാനാവാത്ത ഒരു തരം ശാന്തവും ദീപ്തവുമായ ഭാവം അദ്ദേഹത്തിൽ പ്രകടിതമായിരുന്നു. വിളക്കുതെളിയിക്കുന്നയാളെപ്പോലെ അദ്ദേഹം എല്ലാ ഹൃദയങ്ങളെയും പ്രകാശിപ്പിച്ചു. ആധുനിക സിംഗപ്പൂരിലെ അതിമനോഹരമായ 'മറീന ബെ സാൻഡ്സ്' കാണാൻ അന്നു വൈകുന്നേരം പോയി.

തിങ്കളാഴ്ച വൈകുന്നേരം മാസ്റ്റർ പ്രിഫക്റ്റ്സിനുവേണ്ടി ഒരു സിറ്റിംഗ് കൊടുത്തു. അതിനുശേഷം അവിടെ ഉള്ള അഭ്യാസികളോട് ഏകദേശം 30 മിനിറ്റ് സംസാരിച്ചു. അതിലെ ചില ഉദ്ധരണികൾ താഴെ കൊടുക്കുന്നു.

➢ ഒരിക്കൽ ഒരഭ്യാസി ബാബുജി മഹരാജിനോട് "താങ്കൾക്ക് സമ്പത്സമൃദ്ധിയോട് എതിർപ്പാണോ" എന്നു ചോദിച്ചു. അതിന് ബാബുജി പറഞ്ഞ മറുപടി "അല്ല, നിങ്ങളുടെ കഴിവിനനുസരിച്ചായിരിക്കും നിങ്ങൾ പണം സമ്പാദിക്കുന്നത്. എന്നാൽ ഒരു നദി പോലെ സമ്പത്ത് ഒഴുകികൊണ്ടിരിക്കണം. നിങ്ങൾക്കാവശ്യമായതെടുത്ത് ബാക്കിയുള്ളത് മറ്റുള്ളവർക്ക് പകർന്ന് കൊടുക്കണം" എന്നാണ്

➢ അതിനാൽ ജീവിതത്തിൽ ഒരു സന്തുലനാവസ്ഥ, മൂല്യം എന്നിവ കൊണ്ടുവരിക എന്നതാണ് സഹജമാർഗത്തിന്റെ സത്ത, പൊരുൾ. ധനം നേടിയെടുക്കലല്ല, ആയിത്തീരലാണ്.

➢ അച്ചടക്കം എന്നത് സ്നേഹത്തിൽനിന്നും ഉത്ഭവിക്കണം, ധ്യാനത്തിൽകൂടി നമ്മുടെ ഹൃദയത്തിൽ മാസ്റ്ററോടുള്ള സ്നേഹം സൃഷ്ടിക്കപ്പെടുന്നു എന്നതാണ് സഹജമാർഗത്തിലെ പ്രത്യേകത. അതു വളരുകയും, തത്ഫലമായി നമ്മിൽ അച്ചടക്കം ഉണ്ടാകുകയും വേണം.

➢ ഓധരാ ചെടിയും അതിന്റേതായ വേഗത്തിൽ വളരും. അവ ഒരുപോലെ വളരണം എന്നു നിങ്ങൾക്കു പറയാനാവില്ല. വെള്ളപ്പൊക്കത്തിൽ മാത്രമേ വെള്ളം ഒരേ മാതിരി ഉയരുന്നുള്ളു. അത് അപകടകരവുമാണ്.

മലേഷ്യൻ ആശ്രമവും ഏഷ്യൻ സെമിനാറും ഉദ്ഘാടനത്തിനായി മാസ്റ്റർ 22 ന് ഉച്ചക്കുശേഷം മലേഷ്യക്കു തിരിച്ചു.


ഒമേഗയിലെ വിദ്യാർത്ഥികൾ മാസ്റ്ററുമൊത്ത് സത്കോലിൽ



സിംഗപ്പൂർ

വാല്യം 4 ലക്കം 4 ജൂലൈ 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

## ജൂലൈ 24-ലെ ആഘോഷങ്ങൾക്കായുള്ള തയ്യാറെടുപ്പ്

### സഹജമാർഗ ഭണ്ഡാരകളുടെ നിഗൂഢത

മാസ്റ്റർ സഹജ മാർഗത്തിൽ വന്ന കാലത്ത് ബാബുജിയുടെ വെറും സാധാരണമായ ആ വീട്ടിൽ ഭണ്ഡാരക്കായി ഏകദേശം മുപ്പത് പേർ ഒത്തുകൂടിയിരുന്നത് പലപ്പോഴും നമ്മെ ഓർമ്മിപ്പിക്കാറുണ്ട്. ഇന്നു തിരുപ്പൂർ മാതിരിയുള്ള സ്ഥലത്ത് ഏകദേശം അമ്പതിനായിരം അഭ്യാസികൾ പങ്കെടുക്കുന്നുണ്ട്. നമ്മുടെ മാസ്റ്റർ ചെയ്ത പ്രവൃത്തികളുടെ ഫലം ഇപ്പോൾ പ്രകടിതമാകുകയാണെന്നതിന്റെ സൂചനയാണിത്.

2006 ജൂലായ് 24-നു റായ്പ്പൂരിൽ വച്ചു മാസ്റ്റർ നടത്തിയ പ്രഭാഷണത്തിൽ ഭണ്ഡാരകളുടെ ആത്മീയ ഉദ്ദേശത്തെപ്പറ്റി അദ്ദേഹം നമ്മെ ഉദ്ബുദ്ധരാക്കി. അദ്ദേഹം വിവരിച്ചത് താഴെ കൊടുത്തിരിക്കുന്നു:

- ആഘോഷത്തിന്റെ ഒരു ചെറിയ ലാഞ്ചന അതിൽ ഉണ്ടെങ്കിലും. ഭണ്ഡാരകൾ ഉത്സവങ്ങളല്ല. അവ ആസ്വദിക്കാനുള്ളതല്ല. പക്ഷെ അത്തരം സന്ദർഭങ്ങളിൽ നമുക്കനുഭവപ്പെടുന്ന ആന്തരിക അവസ്ഥ ആസ്വദിക്കാം. അവിടെയുള്ള സമയമത്രയും മാസ്റ്ററുടെ സ്മരണയിൽ ഇരുന്നു നമ്മുടെ ആത്മീയ വളർച്ചക്കായി ആ സമയം ഉപയോഗിക്കണം.
- ഈ ഉദ്ദേശത്തിൽ നിന്നു, ലക്ഷ്യത്തിൽ നിന്നു നാം വ്യതിചലിക്കുകയാണെങ്കിൽ അതിന്റെ അർത്ഥം നാം വിലയേറിയ സമയത്തെ വ്യഥാ പാഴാക്കിക്കളയുകയാണെന്നാണ്. കാൻറീനിൽ സമോസ തീർന്നു പോകും എന്ന ഭയത്തിൽ, പ്രഭാഷണം നടന്നുകൊണ്ടിരിക്കുമ്പോൾ കാൻറീനിൽ പോയി തിരക്കു കൂട്ടരുത്.
- ധ്യാന സമയത്തും, പ്രഭാഷണമോ മനോഹരമായ സംഗീതമോ കേൾക്കുമ്പോളും അതീവ ശ്രദ്ധ അതിൽ ഉണ്ടായിരിക്കണം. അപ്പോൾ നമ്മുടെ ശരീരമല്ല, ആത്മാവായിരിക്കണം ഡാൻസ് ചെയ്യുന്നത്.
- ശ്രദ്ധയോടുകൂടി ഭജന കേൾക്കുകയാണെങ്കിൽ അതിനു നമ്മിൽ സ്നേഹം, ഭക്തി എന്നിവ വളർത്താനും ഈശ്വരാനുഗ്രഹം നമ്മിലേക്കു വരുത്താനും കഴിയും.
- സന്തോഷമില്ലെങ്കിൽ ആത്മീയത ഇല്ലെന്നാണ് ബാബുജി മറ്റൊരു സന്ദേശത്തിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ സന്തോഷം പുറത്ത് പ്രകടിതമാകുകയല്ല വേണ്ടത്; അത് ആന്തരീകമായതായിരിക്കണം, ഹൃദയത്തിലായിരിക്കണം. അത് ആത്മാവിനെ പ്രസരിപ്പിച്ച് നമ്മെ അൽപസമയത്തേക്കാണെങ്കിൽ പോലും അജ്ഞാതമായ ആ പ്രകാശ ലോകത്തേക്കു ഉയർത്തണം.
- ഇത്തരം സന്ദർഭങ്ങൾ നാം ശ്രദ്ധയോടും വിവേകത്തോടും ഉപയോഗിച്ചാൽ മാത്രം പോര. നമ്മുടെ മനസ്, ശരീരം, ആത്മാവ് എന്നിവയെല്ലാം ഏകീകരിച്ച് മാസ്റ്ററിലേക്ക് കേന്ദ്രീകരിക്കണം. നമ്മെ ഈ അസ്തിത്വത്തിൽ നിന്നു, നമുക്കെന്താണെന്നു വിവരിക്കാൻ കഴിയാത്ത, ആ അസ്തിത്വത്തിലേക്കു നമ്മെ നയിക്കുന്നതദ്ദേഹമാണ്. ആ അസ്തിത്വം നമുക്കെന്താണെന്നു വിവരിക്കാൻ കഴിയില്ലെങ്കിലും, അറിഞ്ഞേ മതിയാകൂ എന്ന പിടിവാശിയിൽ ആണെങ്കിൽ, ഓരോ സിറ്റിംഗിലും നമുക്കത് അനുഭവവേദ്യമാകും.

http://www.sahajmarg.org/literature/online/speeches/the-real-purpose-of-bhandaras




തിരുപ്പൂർ ഡയമണ്ട് ജൂബിലി പാർക്കിൽ മാസ്റ്ററുടെ ജന്മദിനാഘോഷത്തിനായുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ധ്യാനിക്കാനും, താമസിക്കാനും, കാൻറീൻ പ്രവർത്തിക്കാനും മറ്റു കാര്യങ്ങൾക്കും ആവശ്യമായ സ്ഥലം ശരിയാക്കിക്കൊണ്ടിരിക്കുകയാണ്. വെള്ളം ആവശ്യത്തിനനുസരിച്ച് ഇല്ലാത്തതിനാൽ അത് കൈകാര്യം ചെയ്യുന്നത് ഒരു വെല്ലുവിളി തന്നെയാണ്. പൈപ്പുകളും കക്കൂസുമെല്ലാം ശരിയായി പ്രവർത്തിക്കുന്നുണ്ടോ എന്നു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഭണ്ഡാര സമയത്ത് വിദ്യുച്ഛക്തി എല്ലാ സമയത്തും നിലനിർത്താനും ഏർപ്പാടാക്കുന്നുണ്ട്. അവിടെ ജോലി ചെയ്യുന്ന വളണ്ടിയർമാരെല്ലാം ഇതിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവരാണ്. എന്നാൽ മാസ്റ്ററും നമ്മളെല്ലാവരും അവിടെ ഒന്നിച്ചു ചേരുമ്പോൾ ആ സ്ഥലത്ത് വരാവുന്ന മാറ്റങ്ങളെക്കുറിച്ച് അവർ അത്ഭുതാവഹരാണ്. നാമെല്ലാവരും ഈ ഭണ്ഡാരയിൽ പങ്കെടുക്കാൻ സ്വയം തയ്യാറാവണം. ഈ ഭണ്ഡാരയിൽ ഊന്നൽ കൊടുക്കുന്ന വിഷയം "അച്ചടക്കത്തോടുകൂടിയ സ്നേഹം" എന്നതാണ്. നാമെല്ലാവരും ഈ വിഷയത്തെക്കുറിച്ച് ഗഹനമായി മനനം ചെയ്യണം.

### ബാബുജി മഹരാജ്


"മിഷന്റെ ഒരു പ്രത്യേക ദിവസമായ ഈ മാസ്റ്ററുടെ ജന്മദിനത്തെ നാം ബഹുമാനത്തോടും സ്നേഹത്തോടും ആഘോഷിക്കണം. ഒരുവന്റെ ജീവന്റെ അത്യുന്നതാവസ്ഥയിലേക്കു അവനെ നയിക്കാൻ കഴിയുന്ന ഒരു സഹായിയെ ഈ ജന്മത്തിൽ തന്നെ കണ്ടെത്താൻ കഴിഞ്ഞതിൽ എത്ര ഭാഗ്യശാലികളാണെന്നു ഓരോ അഭിലാഷിയും ബോധവാന്മാരായിരിക്കണം. സാധന പ്രക്രിയയിൽ ഇതൊരു വിശിഷ്ട അവസരമാണ്. അതായത്, ഓരോ ശിഷ്യനും തന്റെ കൃതജ്ഞത ഹൃദയം തുറന്നു പ്രകടിപ്പിക്കാനുള്ള അവസരം"

2004 ഏപ്രിൽ 30, വെള്ളിയാഴ്ച്ച രാവിലെ 10.00 മണി
വിസ്പേർസ് ഫ്രം ദ ബ്രൈറ്റർ വേൾഡ്





വാല്യം 4 ലക്കം 4 ജൂലൈ 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക



# പൂജ്യ ബാബുജി മഹരാജിൻെറ 112–ാം ജന്മദിനാഘോഷം

നമ്മുടെ പൂജ്യബാബുജിയുടെ 112–ാം ജന്മദിനം ഭക്തിയോടെയും ശ്രദ്ധയോടെയും രാജ്യമെങ്ങും ആഘോഷിച്ചു. ആഘോഷങ്ങളുടെ ലഘുവിവരണം താഴെക്കൊടുക്കുന്നു


ഗുൽബർഗ


ഹൂബ്ലി


ദുർഗാപൂർ

## വടക്കെ കർണ്ണാടകം

ഗുൽബർഗ്ഗ, സേദം, ചിത്താപ്പൂർ, ഷൊരാപ്പൂർ, ഹംനാബാദ് എന്നിവിടങ്ങളിലെ 300ഓളം അഭ്യാസികൾ ഗുൽബർഗ്ഗ ആശ്രമത്തിൽ ബബുജിയുടെ ജന്മദിനമാഘോഷിച്ചു. ബാബുജിയുടെ ജീവിതത്തെക്കുറിച്ചുള്ള ഒരു വീഡിയോ പ്രദർശനം, 'ബീയിംഗ് വിത് ഹിം' എന്ന സി.ഡി. പ്രക്ഷേപണം, ബാബുജിയുമൊത്തുള്ള അനുഭവങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ബാബുജിയുടെ ജീവിതത്തെ ആസ്പദമാക്കിയുള്ള ഒരു പ്രശ്നോത്തരി, മാസ്റ്ററുടെ പ്രഭാഷണങ്ങളുടെ വീഡിയോ പ്രദർശനം എന്നിവയുൾപ്പെട്ടതായിരുന്നു ആഘോഷ പരിപാടികൾ. ഈ ദിവസം മുഴുവനും അഭ്യാസികൾ ദിവ്യാനുഗ്രഹത്താൽ നിമഗ്നരായിരുന്നു.

ധാർവാഡ്, ബേലൂർ, ഗഡഗ്, പുട്കൽകട്ടി, സിർസി, കുക്നൂർ, റാണെബെന്നൂർ, കല്ലൂർ എന്നിവിടങ്ങളിൽ നിന്നുമുള്ള ഏകദേശം 250 അഭ്യാസികൾ ഹുബ്ലി ആശ്രമത്തിൽ രാവിലെ നടന്ന ഗാഢമായ സത്സംഗത്തിൽ പങ്കെടുത്തു. സത്സംഗത്തിനുശേഷം 'ജേർണി ഇൻ ടൈം' എന്ന സിഡിയുടെ പ്രദർശനം ഉണ്ടായി. ബാബുജിയുടെ ജീവിതത്തെ ആസ്പദമാക്കി യുവാക്കൾ അവതരിപ്പിച്ച നാടകം ബാബുജിയുടെയും നമ്മുടെ മാസ്റ്ററുടെയും ജീവിതത്തിലെ പല ഏടുകളും വരച്ചുകാട്ടിയിരുന്നു. 'സത്തയുടെ മുഖം' എന്നു പേരിട്ട ബാബുജിയുടെ ഫോട്ടോകളുടെ സ്ലൈഡ് പ്രദർശനവുമുണ്ടായി. ഉച്ചക്ക് ശേഷം പ്രശ്നോത്തരി, കുട്ടികളുടെ പരിപാടികൾ എന്നിവയുമുണ്ടായിരുന്നു. വൈകുന്നേരത്തെ സത്സംഗത്തോടുകൂടി പരിപാടികൾ സമാപിച്ചു. ഒരു ഭണ്ഡാരയുടെ അന്തരീക്ഷത്തിന് സമാനമായിരുന്നു അന്നത്തേത്.

ബീദർ ആശ്രമത്തിൽ വച്ച് നടന്ന ആഘോഷത്തിൽ, ഭൽകി, ചാംഗ്ലർ, താന കുഷ്ണൂർ എന്നിവിടങ്ങളിൽ നിന്നുള്ള 127 ഓളം അഭ്യാസികൾ പങ്കെടുത്തു. ബാബുജിയുടെ ജീവിതത്തെയും ശിക്ഷണത്തെയും കേന്ദ്രീകരിച്ചായിരുന്നു പരിപാടികൾ ആസൂത്രണം ചെയ്തിരുന്നത്. സഹോ.ഹരിലാൽ ചവാൻെറ പ്രഭാഷണവും ബാബുജിയുടെ കാഴ്ചപ്പാടുകളെയും ഉണ്ടരണികളെയും ആസ്പദമാക്കി സഹോ. പൻഡരീനാഥ് അവതരിപ്പിച്ച പ്രശ്നോത്തരിയും ഉണ്ടായിരുന്നു.

## തെക്കെ കർണ്ണാടകം

ബാംഗ്ലൂരിലെ ബനശങ്കരി ആശ്രമത്തിൽ നാല് പ്രഭാഷകർ ബാബുജിക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. സഹോ (ഡോ) പെരുമാൾ, സഹോദരി വസന്തകുമാരി, മാധുരി, സഹോ സുബ്രമണ്യ.ബി.ജി. എന്നിവരായിരുന്നു ആ പ്രഭാഷകർ. ബാബുജിയുടെ ജീവിതത്തെയും ചിന്തകളെയും ആസ്പദമാക്കിയിട്ടായിരുന്നു വിഷയങ്ങൾ തിരഞ്ഞെടുത്തിരുന്നത്. പ്രഭാഷകരിലൊരാൾ ഭൗതികലോകത്തിലെ ഗുരുവിൻെറയും ആധ്യാത്മിക ഗുരുവിൻെറയും പ്രവർത്തനശൈലിയിലുള്ള വ്യക്തമായ ഭിന്നതകൾ എടുത്ത് കാട്ടി. ആധ്യാത്മിക ഗുരു ഒരമ്മയുടെ ശ്രദ്ധ അഭ്യാസികൾക്ക് ഒരോ നിമിഷവും നൽകുന്നു. സഹോ. ശ്രീനിവാസും സുബ്രമണ്യയും നടത്തിയ പ്രശ്നോത്തരി അഭ്യാസികളിൽ ജിജ്ഞാസയുളവാക്കുക മാത്രമല്ല വിജ്ഞാനവും പ്രദാനം ചെയ്തു. ഉച്ചക്ക് ശേഷം ഒരു വീഡിയോ പ്രദർശനവും ഉണ്ടായിരുന്നു. വൈകുന്നേരത്തെ സത്സംഗത്തോടെ പരിപാടികൾ സമാപിച്ചു.

## പശ്ചിമ ബംഗാൾ

ഏപ്രിൽ 29–ന വൈകുന്നേരം സത്സംഗത്തോടെ പരിപാടികൾ സമാരംഭിച്ചു. പിറ്റെ ദിവസം കൊൽക്കത്ത, ബർദ്വാൻ, പനഗർ, റാണി ഗഞ്ച്, അസൻസൊൾ, ബർണപ്പൂർ, കജൊര, സിയുരി, ആൻഡൽ, ചിത്തരഞ്ചൻ ബങ്കുര എന്നീ സെൻററുകളിൽ നിന്നുള്ള 80ഓളം അഭ്യാസികളും കുട്ടികളും ദുർഗ്ഗാപ്പൂരിൽ ഒത്തുചേർന്നു. രാവിലെ സഹോ. യു.എസ്.മിശ്രയും, പരിമളും സഹോദരി കുസും മെഹ്രയും സംസാരിച്ചു. അതിന്ശേഷം വീഡിയോ പ്രദർശനമുണ്ടായി. ഉച്ചയ്ക്ക് ശേഷം നടന്ന ചോദ്യോത്തരവേളയിൽ നിരവധി സംശയങ്ങൾ ദൂരീകരിക്കപ്പെട്ടു. വൈകുന്നേരവും സത്സംഗം ഉണ്ടായി. മെയ് 1–ന രാവിലെ സത്സംഗത്തോടെ ആഘോഷങ്ങൾക്ക് സമാപനമായി. എല്ലാ അഭ്യാസികളും ഈ കൂടിച്ചേരലിൽനിന്നുത്ഭവിച്ച ആധ്യാത്മികാന്തരീക്ഷത്തിൽ ലയിച്ചിരുന്നു.


കൊല്ലെഗാൽ


ലക്നൗ

കൊല്ലേഗലിലെ ആഘോഷങ്ങളിൽ ഏകദേശം 41 അഭ്യാസികൾ പങ്കെടുത്തു. ടി.നർസിപുരയിലെ അഭ്യാസികളും ഇതിലുൾപ്പെടുന്നു. സഹോ. മധുസൂദൻ, മഹാദേവ ഗൗഡ, ശിവകുമാർ, മഹദേവസ്വാമി എന്നിവരും സഹോദരി അലുമേലമ്മ, ധനലക്ഷ്മി എന്നിവരും സംസാരിച്ചു. പങ്കെടുത്തവർക്കെല്ലാം തന്നെ ദൈവീകതയുമായുള്ള ഏകത്വം പരിപാടിയിലുടനീളം അനുഭവപ്പെട്ടു.

## ഉത്തർപ്രദേശ്

ലക്നൗവിലെ മുഴുദിന പരിപാടിയിൽ 428 അഭ്യാസികൾ പങ്കെടുത്തിരുന്നു. ബാബുജിയുടെ ജീവിതത്തെക്കുറിച്ചുള്ള വീഡിയോ പ്രദർശനം, പ്രഭാഷണം, ഭക്തിഗാനാലാപനം എന്നിവ സംഘടിപ്പിച്ചിരുന്നു. ആധ്യത്മികതയെ അധീകരിച്ച് വിവിധ പരിപാടികൾ യുവാക്കളും കുട്ടികളും അവതരിപ്പിച്ചു. വൈകുന്നേരം അഞ്ചര മണിക്ക് നടന്ന സത്സംഗത്തോടെ പരിപാടികൾ സമാപിച്ചു.

വാല്യം 4 ലക്കം 4 ജൂലൈ 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക



ചിന്നവള്ളിക്കുളം



ജബൽപൂർ

## ജബൽപൂർ,എം.പി

ഏപ്രിൽ 29–ന് വൈകുന്നേരത്തെ സത്സംഗത്തോട് കൂടി പരിപാടികൾ ആരംഭിച്ചു. 350 ഓളം അഭ്യാസികൾ ഒത്തുചേർന്ന ഈ പരിപാടി "സ്നേഹത്തോടെയുള്ള അച്ചടക്കം" എന്ന ആശയത്തെ ആസ്പദമാക്കിയായിരുന്നു. ആത്മീയപാതയിലേക്ക് കാലെടുത്തുവെക്കുമ്പോൾ എങ്ങിനെയാണ് നാം ഗുരുവുമായി ഒരു ബന്ധം സ്ഥാപിച്ചെടുക്കുന്നതെന്നും, അദ്ദേഹത്തോടുള്ള സ്നേഹം അബോധതലത്തിൽ എങ്ങിനെ വികസിക്കുന്നുവെന്നും അത് ബോധമണ്ഡലത്തിൽ ചെയ്യുന്ന കാര്യങ്ങളെ എങ്ങിനെ സഹായിക്കുന്നുവെന്നും സോണൽ–എൻ–ചാർജ്ജ് സഹോ.വികൽപ് വിശദീകരിച്ചു. സ്നേഹിക്കുന്നവരുടെ ഗുണങ്ങൾ എന്തൊക്കെയായിരിക്കണമെന്ന് സഹോ.ദീപ ഭരദ്വാജ് വിശദീകരിച്ചു. തൻെറ ഭാഷണത്തിനിടയിൽ 'ക്രമാനുഗതമായ ഉന്മാദം' എന്നൊരു പുതിയ പദം തന്നെ അവർ നിർമ്മിച്ചു.

യഥാർത്ഥ സ്നേഹമുള്ള ഒരു വ്യക്തി എങ്ങിനെ സ്വാഭാവികമായി തന്നെ അച്ചടക്കമുള്ളവനായിരിക്കുമെന്ന് ഡോ.അർ.കെ.ശ്രീവാസ്തവ വിശദീകരിച്ചു. സ്നേഹവും അച്ചടക്കവും എങ്ങിനെ കൈകോർത്ത് പോകുമെന്നതിനെക്കുറിച്ച് സഹോ. സുനിത ശുക്ല സംസാരിച്ചു. പ്രശ്നോത്തരി, സഹജ മാർഗ്ഗത്തിലെ പത്ത് പ്രമാണങ്ങളെക്കുറിച്ചുള്ള ലഘുനാടകം, ഭക്തിഗാനാലാപനം എന്നിവ ദിവ്യത്വത്തെ തൊട്ടറിയാനും അതിലലിയുവാനും പങ്കെടുത്തവരെയെല്ലാം സഹായിച്ചു. ബാബുജിയെക്കുറിച്ചുള്ള ഒരു സിഡി പ്രദർശനവും അതിന് ശേഷം കുട്ടികളുടെ കലാപരിപാടികളും ഉണ്ടായിരുന്നു. ആഘോഷപരിപാടികൾ ഞായറാഴ്ച സമാപിച്ചു. ആശ്രമ സാമഗ്രികൾ സംരക്ഷിച്ച് അവ വരുംതലമുറകൾക്ക് കൈമാറേണ്ടതിൻെറ ആവശ്യകതയെക്കുറിച്ച് സഹോ.വികൽപ് തൻെറ സമാപനപ്രസംഗത്തിൽ സംസാരിച്ചു.

## തെക്കേ തമിഴ്നാട്

മധുരയിൽ നടന്ന ആഘോഷങ്ങളിൽ സമീപത്തുള്ള പതിമൂന്ന് സെൻററുകളിൽ നിന്നുള്ള ഏകദേശം 500 അഭ്യാസികൾ പങ്കെടുത്തു. ബാബുജിയുടെ 'സത്യോദയം' എന്ന ഗ്രന്ഥം ആയിരുന്നു പരിപാടിയുടെ വിഷയം. മധുര, ഷോലവന്താൻ, തേനി, ബട്ലഗുണ്ടു, കാരൈക്കുടി എന്നിവടങ്ങളിൽ നിന്നുള്ള അഭ്യാസികൾ പുസ്തകത്തിലെ ചില അദ്ധ്യായങ്ങൾ വിശദീകരിച്ചു. ബാക്കി അദ്ധ്യായങ്ങൾ ഉച്ചയൂണിനുശേഷം മേലൂർ, സിംഗംപുനരി, പരമക്കുടി, രാമനാഥപുരം, മാനാമധുരൈ, മധുരൈ, ശിവഗംഗ എന്നീ സെൻററുകളിലെ അഭ്യാസികൾ വിശദീകരിച്ചു. സഹോ. പളനിയപ്പൻ, നാഗരാജൻ, രാധാകൃഷ്ണൻ എന്നിവരായിരുന്നു പരിപാടികൾ സംഘടിപ്പിച്ചത്. ദിവ്യത്വം നിറഞ്ഞു നിന്നിരുന്ന അന്തരീക്ഷത്തിൽ, ബാബുജിയുടെ സ്മരണയിൽ, അദ്ദേഹത്തിൻെറ കൃതികളെക്കുറിച്ചറിയുവാൻ പങ്കെടുത്തവർക്കെല്ലാം ഭാഗ്യം ലഭിച്ചു.

വിരുതുനഗർ, ചിന്നവള്ളിക്കുളം, അരുപ്പുകോട്ടൈ, കരിയപ്പട്ടി, കോവിൽപ്പട്ടി, ശിവകാശി എന്നീ സെൻററുകളിൽ നിന്നുള്ള മുപ്പതോളം അഭ്യാസികൾ ചിന്നവള്ളിക്കുളം ആശ്രമത്തിൽ ഒത്തുചേർന്നു. രാവിലെ സത്സംഗത്തിന് ശേഷം സഹോ. സ്വാമിനാഥൻ ബാബുജിയുടെ ജീവചരിത്രം വായിച്ചുകേൾപ്പിച്ചു. സാധന, സ്വഭാവരൂപീകരണം, അനുസരണം, സ്വീകരണം, സമർപ്പണം എന്നീ വിഷയങ്ങളെക്കുറിച്ചുള്ള തങ്ങളുടെ ചിന്തകൾ അവർ പങ്കു വെച്ചു. മിഷൻെറ ജോലികൾ തങ്ങളുടെ സ്വന്തം ജോലിയാണെന്ന വികാരം എല്ലാവരിലും വളരണമെന്നതായിരുന്നു ഈ പരിപാടിയിൽ ഉരുത്തിരിഞ്ഞ പ്രധാന കാര്യം. ഉച്ചക്ക് ശേഷം 'സ്നേഹം' എന്ന വിഷയത്തിൻ മേൽ ഒരു പൊതു ചർച്ച നടന്നു. മുഴുദിന പരിപാടികൾ വൈകുന്നേരത്തെ സത്സംഗത്തോടെ സമാപിച്ചു.



അഹമ്മദാബാദ്



ആനന്ദ്

## ഗുജറാത്ത്

ഗുജറാത്തിലെ ആനന്ദിൽ എകദേശം 80 അഭ്യാസികൾ ആഘോഷത്തിൽ പങ്കെടുത്തു. സത്സംഗത്തിനു ശേഷം പ്രദർശിപ്പിച്ച 'സ്നേഹസാഗരം' എന്ന സിഡി എല്ലാവരേയും ബാബുജി മഹരാജിൻെറ കാലഘട്ടത്തിലേക്ക് കൂട്ടിക്കൊണ്ട് പോയി. ലഘു ഭക്ഷണത്തിന് ശേഷം എല്ലാ അഭ്യാസിക്കും അമൂല്യമായ സന്ദേശങ്ങളടങ്ങിയ ചെറുകഥകൾ വിതരണം ചെയ്തു. പങ്കെടുത്തവർ കഥകളുടെ സാരാംശം വിവരിക്കുകയും തങ്ങളുടെ കാഴ്ചപ്പാട് വിശദീകരിക്കുകയും ചെയ്തു. ഉച്ചക്ക് ശേഷം ധ്യാനം, ശുദ്ധീകരണം, പ്രാർത്ഥന, നിരന്തരസ്മരണ, ജീവിച്ചിരിക്കുന്ന ഗുരുവിൻെറ ആവശ്യകത എന്നിവയെക്കുറിച്ച് പൊതുചർച്ച നടന്നു. വൈകുന്നേരം സത്സംഗത്തിന് ശേഷം ഭക്തിഗാനാലാപനമുണ്ടായിരുന്നു.

ഗുജറാത്തിലെ സോൺ 6A യിലെ എകദേശം 900 അഭ്യാസികൾ അഹമ്മദാബാദിലെ ആഘോഷങ്ങളിൽ പങ്കെടുത്തു. പൊതുചർച്ചകൾ, ലഘുനാടകം, മാസ്റ്ററുടെ ഫോട്ടോകളുടെ പ്രദർശനം എന്നിവയുണ്ടായിരുന്നു. പരിസ്ഥിതി സംരക്ഷണവും അവബോധവും നടത്തുന്നതിൻെറ ഭാഗമായി ആശ്രമത്തിൽ വൃക്ഷ തൈകൾ വച്ചു പിടിപ്പിക്കുകയുണ്ടായി. പുതിയ അഭ്യാസികൾക്കായി ഒരു പരിശീലന പരിപാടി സംഘടിപ്പിച്ചു. അതിന് ശേഷം പ്രഭാഷകർക്കായുള്ള ഒരു പരിശീലന പരിപാടി നടന്നു. ഈ പ്രഭാഷകർ പ്രസ്തുത പരിശീലന പരിപാടി ദൂരസ്ഥലങ്ങളിലെ സെൻററുകളിലേയും ഉപസെൻററുകളിലെയും അഭ്യാസികളുടെ പ്രയോജനാർത്ഥം അവിടങ്ങളിൽ സംഘടിപ്പിക്കും.

വാല്യം 4 ലക്കം 4 ജൂലൈ 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

# യുവജന പരിപാടികൾ

## യുവത്വ വികസന ക്യാമ്പ്, ഇൻഡോർ



മധ്യപ്രദേശിലെ ഇൻഡോറിൽ ജൂൺ നാല് അഞ്ച് തിയ്യതികളിലായി ഒരു ദ്വിദിന ക്യാമ്പ് സംഘടിപ്പിച്ചു. ആത്മീയവും ഭൗതികവുമായ വളർച്ചയിൽ സന്തുലനം നേടുക എന്ന ലക്ഷ്യവുമായാണ് പതിനേഴു വയസിനു മുകളിൽ പ്രായമുള്ള യുവാക്കളുടെ ഈ ക്യാമ്പ് നടത്തിയത്.

സൻവേർ, ഭോപ്പാൽ, സൊഹഗ്പൂർ, ദേവാസ്, രത്‌ലം, ഇൻഡോർ തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നും എത്തിയ അഭ്യാസികൾ ഇതിൽ പങ്കെടുത്തു. അവരെ നാലു ഗ്രൂപ്പുകളായി തിരിച്ച് ആശയവിനിമയപാടവം, പ്രശ്നങ്ങൾ തീർക്കുന്നതിലെ നിർഭയത്വവും, സ്ഥിരോത്സാഹവും വളർത്തൽ, സർഗാത്മകത തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു. വൈകുന്നേരം 'ദ സീക്രട്ട്' എന്ന സിനിമാ പ്രദർശനവും ഉണ്ടായിരുന്നു.

പിറ്റേന്നു ഞായറാഴ്ചത്തെ സത്സംഗിനു ശേഷം സംഘടിപ്പിച്ച ക്രിയാശേഷി വർധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടിയിൽ, സമയ ക്രമീകരണത്തിനും, കൂട്ടായ പ്രവർത്തനത്തിനുമുള്ള കളിയരങ്ങുകൾ ഉണ്ടായിരുന്നു. ഗ്രൂപ്പ് ചർച്ച, അഭിമുഖക്ഷമത വളർത്തൽ തുടങ്ങിയവയിലും പരിശീലന പരിപാടികൾ നടത്തി. ധാരാളം തൊഴിലാളികളെ വെച്ച് ബിസിനസ് നടത്തുന്ന വികൽപ് മുദ്ര, ശ്രേയസ്കർ ചൗധരി എന്നീ സഹോദരന്മാർ നിത്യ ജീവിതത്തിൽ അവർ അഭിമുഖീകരിക്കുന്ന കാര്യങ്ങളെക്കുറിച്ചു സംസാരിക്കുകയും, അവരുടെ അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തു. പങ്കെടുത്ത എല്ലാവർക്കും ഈ പരിപാടി പ്രായോഗികവും പ്രയോജനകരവും വിജ്ഞാനപ്രദവുമായി അനുഭവപ്പെട്ടു.

## സോണൽ യൂത്ത് സെമിനാർ, ബറോഡ (വഡോദര), ഗുജറാത്ത്

വഡോദരയിൽ ജൂൺ പതിനൊന്ന് പന്ത്രണ്ട് തിയ്യതികളിൽ സംഘടിപ്പിച്ച ഈ സെമിനാറിൽ പല കേന്ദ്രങ്ങളിൽ നിന്നുമായി എഴുപത്തഞ്ചോളം അഭ്യാസികൾ പങ്കെടുത്തു. സാധന, സ്വഭാവരൂപീകരണം, തുടങ്ങിയ വിഷയങ്ങളിൽ അഭ്യാസികളുടെ അവതരണങ്ങളും ഗ്രൂപ്പ് ചർച്ചകളും ചോദ്യോത്തര വേളയും രാവിലെ നടന്നു. ഉച്ചയ്ക്കു ശേഷം പത്തു പ്രമാണങ്ങളെക്കുറിച്ചുള്ള നാടകത്തിന്റെ അരങ്ങും അവതരണവുമായിരുന്നു. സായാഹ്നങ്ങളിൽ വിനോദങ്ങളും രാത്രി ഭക്ഷണത്തിനു ശേഷം ഭജനകളും ഫലിതങ്ങളും പാട്ടുമൊക്കെ ഉണ്ടായിരുന്നു. 'നമ്മുടെ സാധന ഫലപ്രദമായ വിധത്തിൽ ചെയ്യുന്നതെങ്ങനെ' എന്ന വിഷയത്തിൽ സഹോദരൻ കമലേഷ് പട്ടേൽ നടത്തിയ ചർച്ച പങ്കെടുത്തവർക്ക് പ്രയോജനപ്രദമായിരുന്നു. 'മനശക്തിയും അച്ചടക്കവും' എന്ന വിഷയമാണ് അടുത്ത ഒക്ടോബറിൽ നടത്താനുദ്ദേശിക്കുന്ന സെമിനാറിന്റെ വിഷയമായി തിരഞ്ഞെടുത്തത്.

## യുവാക്കൾക്കായുള്ള 'സൺഡേ പ്രോഗ്രാം', ഡൊമൽഗുഡ, ആന്ധ്രപ്രദേശ്

2011 ജനുവരി മുതൽ ഡൊമൽഗുഡ, എസ്.ആർ.നഗർ ആശ്രമങ്ങളിൽ രാവിലെ 9.30 മുതൽ 11.30 വരെ നടത്തിവരുന്ന യുവാക്കൾക്കായുള്ള ഈ പരിപാടിയിൽ 25ഓളം അഭ്യാസികൾ പങ്കെടുക്കാറുണ്ട്. പരസ്പരമുള്ള ചർച്ചകളിലൂടെ സാധന, മിഷൻ തുടങ്ങിയ വിഷയങ്ങൾ യുവാക്കൾക്ക് മനസ്സിലാക്കാനുള്ള വേദിയൊരുക്കുക എന്നതാണ് ഈ പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത്. സാധന, ഡയറി എഴുത്ത്, സഹജമാർഗ രചനകളെ അടിസ്ഥാനപ്പെടുത്തി നാടകം, കഥപറയൽ, മൂകാഭിനയം, പദപ്രശ്നം തുടങ്ങിയവയും, പ്രിസപ്റ്റർമാരുമായി ചോദ്യോത്തര വേളയും മറ്റും ഇതിൽ ഉൾപ്പെടുന്നു. സഹജമാർഗ മൂല്യങ്ങൾ യുവാക്കളിൽ ആഴത്തിൽ എത്തിച്ച് സ്വഭാവരൂപീകരണത്തിനു സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പരിപാടികൾ.

## ഇൻഡോറിലെ റെസിഡെൻഷ്യൽ ക്യാമ്പ്

മെയ് 21, 22 തിയതികളിലായി, ഭാവിയിൽ വരാവുന്ന അഭ്യാസികളുമായി നല്ല ബന്ധമുണ്ടാക്കുന്നതിന് സഹായകമാകുവാനായി യുവാക്കൾക്ക് ഒരു ദ്വിദിന ക്യാമ്പ് നടത്തി. ഓർമ്മശക്തിയെ അടിസ്ഥാനമാക്കിയ പുതുമയേറിയ ഒരു കളിയോടെ ക്രിയാത്മകമായ രീതിയിലാണു കുട്ടികൾ പരിചയപ്പെട്ടത്. അവരെ അഞ്ച് ഗ്രൂപ്പുകളായി തിരിച്ച് പലതരം കളികളും മത്സരങ്ങളും സംഘടിപ്പിച്ചു. 'സ്വയം അറിയുക', 'ലക്ഷ്യം നിശ്ചയിക്കുക' എന്നീ വിഷയങ്ങൾ സഹോദരി യാമിനി കർമർകർ, സഹോദരൻ സുനിൽ കണ്ണൻ എന്നിവർ അവതരിപ്പിച്ചു. വൈകീട്ട് അവരെ അടുത്തുള്ള പാർക്കിൽ കൊണ്ടുപോകുകയും സഹോദരിമാരുടെ നേതൃത്വത്തിൽ പാവ് ബജ്ജി തയ്യാറാക്കുകയും ചെയ്തു.

അടുത്ത ദിവസം അവർ മിഷന്റെ പുതിയ സെൻററിൽ പോയി. ഈ സ്ഥലത്ത് ധാരാളം കളിപ്പാട്ടങ്ങൾ തയ്യാറാക്കി വെച്ചിരുന്നു. അടുത്ത രണ്ടു മണിക്കൂറുകളിൽ അവർ പട്ടം പറത്തൽ പോലുള്ള കളികളിൽ മുഴുകി. 'എന്റെ ഹൃദയത്തിൽ നിന്നുള്ള എഴുത്ത്' എന്ന പരിപാടി സഹോദരി ശശി ശർമ്മയും സഹോദരൻ രാജേഷ് രവർക്കറും ചേർന്നു ഹൃദയസ്പർശിയായ രീതിയിൽ അവതരിപ്പിച്ചു. തന്റെ കുഞ്ഞിന്റെ ജീവിതത്തെ കുറിച്ച് വ്യാകുലപ്പെടുന്ന ഒരമ്മയെഴുതിയ കത്ത് അവർ വായിച്ചു. ഇതിന്റെ മറുപടിയായി എല്ലാവരും അവരവരുടെ അമ്മമാർക്ക് അവരുടെ സ്നേഹവും കൃതജ്ഞതയും പ്രകടമാക്കുന്ന കത്തുകൾ എഴുതി. അച്ഛനമ്മമാരുടെ പങ്കിലുള്ള പ്രാധാന്യം മനസിലാക്കുക എന്നതായിരുന്നു ഈ പരിപാടിയുടെ ലക്ഷ്യം. 'സർവശക്തനും ഞാനും' എന്ന പരിപാടിയോടെ ഈ ക്യാമ്പ് അവസാനിച്ചു.


വഡോദര


ഇൻഡോർ-റെസിഡെൻഷ്യൽ ക്യാമ്പ്

വാല്യം 4 ലക്കം 4 ജൂലൈ 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

# കുട്ടികൾക്കായുള്ള വേനൽക്കാല ശിബിരം

## ബാബുജി മെമ്മോറിയൽ ആശ്രമം, ചെന്നൈ

7 മുതൽ 13 വയസ്സുവരെ പ്രായമുള്ള എഴുപത് കുട്ടികൾക്കായി മെയ് 6 മുതൽ 8 വരെ ഇവിടെ ഒരു ക്യാമ്പ് നടത്തുകയുണ്ടായി. 'മഞ്ഞുരുകാനുള്ള' അവസരത്തോടുകൂടി തുടങ്ങി തുടർന്ന് കരകൗശല വിദ്യയിലേക്ക് നീങ്ങി. ശാരീരിക പരിശീലനം, മാസ്റ്ററെ കുറിച്ചുള്ള ഗാനങ്ങൾ, ആശയവിനിമയം, ആശ്രമ ഭൂപടം വരയ്ക്കൽ, കൂട്ടായ്മ വളർത്താനുപകരിക്കുന്ന കളികൾ, സ്നേഹത്താൽ എല്ലാം നേടാമെന്നതിനെക്കുറിച്ചൊരു ലഘുനാടകം, തുണിസഞ്ചികളിൽ ചിത്രപ്പണി, ജീവിതത്തിലെ യഥാർത്ഥ നിധിയെന്തെന്നു മനസ്സിലാക്കുന്നതിനായി നിധി തിരച്ചിൽ പരിപാടി, പ്രശ്നോത്തരി എന്നിവയായിരുന്നു ഈ ത്രിദിന പരിപാടിയിലുണ്ടായിരുന്നത്. ഭഗവാൻ കൃഷ്ണനെക്കുറിച്ചുള്ള ഒരു സിനിമയും പ്രദർശിപ്പിച്ചു. ഒരു സാസ്കാരിക പരിപാടിയോടുകൂടി ഈ ക്യാമ്പിന് തിരശ്ശീല വീണു. എല്ലാ കുട്ടികൾക്കും പുതിയ സുഹൃത്തായി ഒരു പനിനീർപൂവിന്റെ ചെടി സമ്മാനിച്ചു. പരിപാടിയുടെ ചിത്രങ്ങളടങ്ങിയ ഒരു സിഡിയും അവർക്കു സമ്മാനിക്കുകയുണ്ടായി. മാതാപിതാക്കളേയും കുട്ടികളേയും ഉൾപ്പെടുത്തി നടത്തിയ ആശയവിനിമയ പരിപാടിയോടു കൂടി ഈ പരിപാടി സമാപിച്ചു.


ചെന്നൈ

## വെല്ലൂർ, തമിഴ്നാട്

മെയ് 28–ാം തീയതി വെല്ലൂർ ആശ്രമത്തിൽ 3 മുതൽ 15 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കായി ഒരു മുഴുദിന ക്യാമ്പ് നടത്തുകയുണ്ടായി. വിവിധ പ്രദേശങ്ങളിൽ നിന്നുമുള്ള കുട്ടികളുമായി ഇടപഴകുന്നതിനായി ഇതു സഹായിച്ചു. മൂല്യങ്ങളെ മുറുകെപ്പിടിച്ചുകൊണ്ട് അച്ചടക്കത്തോടുകൂടി എങ്ങനെ ജീവിക്കാം എന്ന് അവരെ പഠിപ്പിക്കുകയായിരുന്നു ഈ ക്യാമ്പിന്റെ ലക്ഷ്യം. വയസ്സിന്റെ ക്രമത്തിൽ അവരെ രണ്ടു വിഭാഗങ്ങളായി തരം തിരിച്ചു. സംഘമായും, ഒറ്റയ്ക്കും ചെയ്യേണ്ട സർഗ്ഗവാസന ഉണർത്തുന്ന പ്രവർത്തികൾ ഇതിലുണ്ടായിരുന്നു. ഗാനാലാപനത്തിലും, ക്ലാസ്സിക്കൽ നൃത്തത്തിലും യോഗയിലും ഒക്കെയുള്ള കുട്ടികളുടെ വാസന അവർ കാഴ്ചവെച്ചു. 'സഹജമാർഗ്ഗം– ഒരു ജീവിത രീതി' എന്ന വിഷയത്തെ ആസ്പദമാക്കി യുവാക്കൾ ഒരു നാടകം അവതരിപ്പിച്ചു. ഒരു യുവാവിന്റെ ആന്തരിക മാറ്റവും മാസ്റ്ററിനുവേണ്ടിയുള്ള അയാളുടെ ആഗ്രഹവും അതിൽ നിന്നും കുടുംബാന്തരീക്ഷത്തിലും സുഹൃത്തുക്കളിലും ഉണ്ടായ മാറ്റവുമായിരുന്നു ഈ പരിപാടിയിലൂടെ അവതരിപ്പിച്ചത്.


വെല്ലൂർ

## ഹൈദരാബാദ്

തൊണ്ണൂറ് വിദ്യാർത്ഥികൾ പങ്കെടുത്ത ഒരു സഹജ് ക്യാമ്പ് ഹൈദരാബാദിൽ മെയ് 6 മുതൽ 8 വരെ സംഘടിപ്പിക്കുകയുണ്ടായി. സ്വയം പരിചയപ്പെടുത്തലും പുതിയ കൂട്ടുകാരെ ഉണ്ടാക്കുകയും ചെയ്യുന്ന ഒരു 'മഞ്ഞുരുകാനുള്ള' അവസരത്തോടുകൂടിയാണ് ഈ പരിപാടി ആരംഭിച്ചത്. വിവിധ വിഭാഗങ്ങളായി തിരിച്ചശേഷം മാതപിതാക്കളെ സ്നേഹിക്കൽ, സ്നേഹത്തിൽ അച്ചടക്കം എന്നിങ്ങനെയുള്ള വിഷയങ്ങളെ ആസ്പദമാക്കി നടത്തിയ പ്രവർത്തനങ്ങളിൽ ഇവർ ഏർപ്പെട്ടു. ഒരു മണിക്കൂർ നേരത്തെ പുറത്തുള്ള കളികൾക്കുശേഷം 'മറുവശം' എന്ന പരിപാടി സംഘടിപ്പിച്ചു. ഈ പരിപാടിയിൽ കുട്ടികൾക്ക് ഒരു ചിത്രത്തിന്റെ ഏതാനും ഭാഗം കാണിച്ചുകൊടുക്കുകയും അതിൽ നിന്നും ബാക്കി കണ്ടുപിടിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. രണ്ടാം ദിനത്തിലെ പരിപാടികൾ 'മാതാപിതാക്കളും സുഹൃത്തുക്കളും' എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു. തങ്ങളുടെ മാതാപിതാക്കളെ എത്രത്തോളം മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്നു അവരെ ബോധ്യപ്പെടുത്തുന്നതായിരുന്നു ഈ പരിപാടി. മുതിർന്ന കുട്ടികളുടെ ഗ്രൂപ്പിന് അവരുടെ സംശയങ്ങൾ ദൂരീകരിക്കുവാനും അഭ്യാസികളാകുവാനുള്ള തയ്യാറെടുപ്പുനടത്താനും ഉതകുന്ന രീതിയിലുള്ള ഒരു ആശയവിനിമയം സഹോ. അനന്തുമായി നടത്തുവാൻ സാധിച്ചു. ധ്യാനത്തിലൂടെ എങ്ങനെ ഒരാൾ കരുണാർദ്രനാകുന്നു എന്ന് സഹോ. ശ്രീനിവാസ് വിശദീകരിച്ചു. 'മൈ മാസ്റ്റർ' എന്ന പുസ്തകത്തിന്റെ ഒരു കോപ്പി കുട്ടികൾക്ക് വിതരണം ചെയ്തു. സഹോ. രുചിത അവതരിപ്പിച്ച നൃത്ത പരിപാടിയോടുകൂടി ഈ ക്യാമ്പ് അവസാനിച്ചു.


ഹൈദരാബാദ്

## റായ്ചൂർ

ഏപ്രിൽ 14 മുതൽ 16 വരെ ഒരു ത്രിദിന ക്യാമ്പ് സഹോദരിമാർ ജി.ലക്ഷ്മിയും, നാഗവേണിയും ചേർന്ന് നാൽപ്പത്തിയഞ്ചു വിദ്യാർത്ഥികൾക്കായി നടത്തുകയുണ്ടായി. ദൈവവും മാസ്റ്ററും, ആരോഗ്യകരമായ ജീവിതവും അച്ചടക്കവും എന്നീ വിഷയങ്ങളെ ലളിതമായ രീതിയിൽ രസകരമായ കഥകളിലൂടെ വിശദീകരിച്ചുകൊടുത്തു. ഉച്ചയ്ക്ക് ഈ വിഷയങ്ങളെ ആസ്പദമാക്കിയുള്ള പ്രവർത്തികളിൽ അവർ ഏർപ്പെട്ടു. അവസാന ദിവസം ആരോഗ്യകരമായ ഭക്ഷണ രീതികളെക്കുറിച്ചും ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനായി ഉതകുന്ന ഉപചാരക്രമങ്ങളെക്കുറിച്ചും ഡോ. ബാലസുബ്രമണ്യവും സഹോ. അന്നപൂർണയും അവർക്ക് വിവരിച്ചുകൊടുത്തു. ഏപ്രിൽ 17–ാം തീയതി സത്സംഗത്തിനുശേഷം കുട്ടികളുടെ മാതാപിതാക്കളെ ക്ഷണിച്ചു വരുത്തി ഇത്തരം പരിപാടികൾ നടത്തുന്നതിന്റെ ഉദ്ദേശ്യം വിവരിച്ചു കൊടുത്തു. നമ്മുടെ മാസ്റ്ററെയും, മിഷനെയും, പദ്ധതിയേയും പറ്റി അവരോട് സംസാരിച്ചു. ശിൽപശാലയിൽ തങ്ങൾക്കുണ്ടായ അനുഭവങ്ങളും അഭിപ്രായങ്ങളും കുട്ടികളും പങ്കുവെച്ചു. മിഷന്റെ പുസ്തകങ്ങൾ വിൽപനയ്ക്ക് വയ്ക്കുകയും ലഘുലേഖകൾ മാതാപിതാക്കൾക്കിടയിൽ വിതരണം ചെയ്യുകയും ചെയ്തു. ഇവരിൽ പലരും സാധന ആരംഭിക്കുവാൻ താത്പര്യം പ്രകടിപ്പിച്ച് മുൻപോട്ട് വന്നിട്ടുണ്ട്.


റായ്ചൂർ

## ഭുജ്, ഗുജറാത്ത്

6 മുതൽ 12 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കായി മെയ് 23 മുതൽ 28 വരെ ഒരു ക്യാമ്പ് ഭുജ് സെന്ററിൽ നടത്തുകയുണ്ടായി. പങ്കെടുത്ത എഴുപത്തിരണ്ട് കുട്ടികളെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ രണ്ടു വിഭാഗങ്ങളിലായി തരം തിരിച്ചു. കുട്ടികളുടെ അഭിരുചികൾ കാഴ്ചവെക്കാനും മൂല്യാധിഷ്ഠിത പരിപാടികളും ധാരാളം ഇതിൽ ഉൾക്കൊള്ളിച്ചിരുന്നു. അവസാന ദിവസം രക്ഷിതാക്കളെ ക്ഷണിച്ചു വരുത്തി അവർക്ക് പരിപാടിയെക്കുറിച്ചും മിഷനെക്കുറിച്ചും വിവരിച്ചുകൊടുത്തു. നാൽപതിലധികം രക്ഷിതാക്കൾ തങ്ങളുടെ മക്കളെ പ്രോത്സാഹിപ്പിക്കാൻ എത്തിയിരുന്നു. പ്രാദേശിക ടി.വി.ചാനലിൽ ഈ ക്യാമ്പിനെക്കുറിച്ച് ഒരു റിപ്പോർട്ട് സംപ്രേക്ഷണം ചെയ്തിരുന്നു. മാസ്റ്ററുടെ അനുഗ്രഹത്താലും നിറമനസ്സോടെ പ്രവർത്തിച്ച കുട്ടികളടക്കം ഏകദേശം ഇരുപത്തിനാല് വളൻറിയർമാരുടെയും സഹായത്തോടെ ഈ പരിപാടി വിജയകരമായിരുന്നു.



ഭുജ്

## ബറൗച്ച് സെൻറർ, യു.പി

ലക്നൗവിൽ നിന്നും 125 കി.മീ അകലെ സ്ഥിതി ചെയ്യുന്ന ബറൗച്ച് സെൻറർ വളരെ വേഗത്തിൽ പുരോഗമിക്കുന്ന ഒരു സെൻററാണ്. നേപാൾ അതിർത്തിക്കരികിലായിട്ടാണ് ഇത് സ്ഥിതി ചെയ്യുന്നത്. റോഡ് മാർഗ്ഗം ഉത്തർപ്രദേശിലെ എല്ലാ സെൻററുമായും ബന്ധമുള്ളതിനാൽ നോഡൽ സെൻററായി ഇത് പ്രവർത്തിച്ചു വരുന്നു. ഉദ്ദേശം രണ്ട് ഏക്കറോളം വരുന്ന സ്ഥലം ബറൗച്ചിൽ നിന്നും 6 കി.മി. അകലെയാണ് സ്ഥിതി ചെയ്യുന്നത്. ജൂൺ 12-ന് സംഘടിപ്പിച്ച ഭൂമി പൂജയിൽ നൂറോളം അഭ്യാസികൾ പങ്കെടുത്തു. ഗോരഖ്പൂർ സെൻററിലെ പ്രിഫെക്റ്റുമാരായ സഹോ. നാർസിംഗ്, സഹോ. വിജയ് ശങ്കർ എന്നിവരും പരിപാടിയിൽ പങ്കെടുത്തു. ആത്മാവിൻെറ ആസ്ഥാനമാണ് ആശ്രമമെന്നും തൻെറ നിലനിൽപിനെ അത് അംഗീകരിക്കുന്നത് ഇവിടെവച്ചാണെന്നും ഗോണ്ട സെൻററിലെ സഹോ. ബദ്രിപ്രസാദ് സിംഗ് തൻെറ പ്രസംഗത്തിൽ പറഞ്ഞു. ജനങ്ങൾ അമ്പലങ്ങളിൽ പോകുന്നത് പുറംലോകത്തിലെ ലൗകിക പ്രാപ്തിക്കായിട്ടാണ് എന്നാൽ ആശ്രമത്തിൽ നാം നമ്മുടെ ഉള്ളിലേക്കിറങ്ങി ചെല്ലുന്നു എന്നും അദ്ദേഹം പറഞ്ഞു.

## നാട്രംപള്ളിയിലെ വാരാന്ത്യ പരിപാടി



വെല്ലൂരിൽ നിന്നു വന്ന അമ്പതോളം വരുന്ന അഭ്യാസികൾക്കായി 'സഹജമാർഗ്ഗം ഒരു ജീവിത രീതി' എന്ന വിഷയത്തെ പ്രതിപാദിച്ച് ഒരു പരിപാടി മെയ് 21-22 തീയതികളിൽ നാട്രംപള്ളി ആശ്രമത്തിൽ വെച്ച് നടത്തി. സഹോ. ഭരതരാജൻെറ ഉദ്ഘാടന പ്രസംഗത്തിനുശേഷം സഹജമാർഗ്ഗ സാധനയുടെ പ്രാധാന്യത്തെ ഊന്നിയുള്ള ഒരു അവതരണം ഉണ്ടായിരുന്നു. അഭ്യാസികൾ തങ്ങളുടെ ചിന്തകളും സഹജമാർഗ്ഗ സാധനയുടെ വിവിധ വശങ്ങളെപ്പറ്റിയുള്ള അഭിപ്രായങ്ങളും പങ്കുവെച്ചു. ഗ്രൂപ്പ് ചർച്ചയിലൂടെയും വിഡിയോപ്രദർശനത്തിലൂടെയും സഹജമാർഗ്ഗ സാധനയുടെ പല വശങ്ങളെപ്പറ്റിയുള്ള ഉൾക്കാഴ്ച ലഭിക്കുവാൻ അവർക്ക് സാധിച്ചു. സഹജമാർഗ്ഗ സാധന ഉദ്ധരിച്ചുള്ള മാസ്റ്ററുടെ ഒരു വീഡിയോ പ്രദർശനം ഈ പരിപാടിയുടെ മുഖ്യ ആകർഷണമായിരുന്നു. സാഹോദര്യത്തെപ്പറ്റിയും ധ്യാനനിരതമായിരിക്കുന്നതിനെപ്പറ്റിയും സഹോ.ബാലസുബ്രമണ്യം നടത്തിയ പരിപാടി സഹജമാർഗ്ഗം ജീവിതത്തിലെ എല്ലാ തുറകളിലും കൊണ്ടു വരുന്നതിനെ ആസ്പദമാക്കിയുള്ളതായിരുന്നു.

## കഥകളിൽ നിന്നുള്ള പഠനം, കെ.ജി.എഫ്, കർണ്ണാടകം

കെ.ജി.എഫ്, മുൾബാഗൽ എന്നീ സെൻററുകളിലെ 30-ഓളം അഭ്യാസികൾക്കായി ബാംഗ്ലൂരിൽ നിന്നുള്ള പബ്ലിക്കേഷൻ കോർഡിനേറ്റർമാർ കഥകളെ ആസ്പദമാക്കി ഒരു പരിപാടി നടത്തുകയുണ്ടായി. മിഷൻെറ സാഹിത്യങ്ങളും, മാസ്റ്ററുടെ പുസ്തകങ്ങൾ ശരിയായ ഉദ്ദേശ്യത്തോടും സൂക്ഷ്മതയോടും, ആവർത്തിച്ചും വായിക്കുന്നതിനാൽ നിരന്തരസ്മരണ ഉൾക്കൊള്ളുമെന്നതിനൊക്കെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു അവതരണം നടത്തി. അഭ്യാസികൾ തങ്ങൾക്ക് ഇഷ്ടമുള്ള ഏതെങ്കിലും ഒരു ഭാഷയിൽ പുസ്തകത്തിൽ നിന്നുള്ള കഥകൾ ഇംഗ്ലീഷിലോ, കന്നഡയിലോ, തമിഴിലോ, തെലുങ്കിലോ വായിച്ചു കേൾപ്പിച്ചു. മാസ്റ്റർ പറഞ്ഞ കഥകളും ഈ പരിപാടിയിൽ അവതരിപ്പിച്ചു, പിന്നെ അതിൻെറ സാരാംശത്തെപ്പറ്റി ചർച്ചയും നടന്നു.

സമ്പർക്കരൂപേണ ചിട്ടപ്പെടുത്തിയ ഈ പ്രോഗ്രാം വളരെ വിജ്ഞാനപ്രദവും പിന്നെ അതിൽ നിന്നു ലഭിച്ച ഉത്തേജനത്താൽ പല അഭ്യാസികളും മിഷൻെറ പുസ്തകം വാങ്ങിയും തുടർന്നുള്ള സഹജമാർഗ്ഗ സാഹിത്യത്തെ വായിക്കുമെന്നുള്ള പ്രേരണ ഉളവാക്കി.



## ജാംനഗറിലെ ലോക പരിസ്ഥിതി ദിനം

വളരെ ഉന്മേഷത്തോടെ കുട്ടികളും വളണ്ടിയർമാരും പങ്ക് കൊണ്ട് ജാംനഗർ ആശ്രമത്തിൽ ജൂൺ 5-ാം തീയതി ലോക പരിസ്ഥിതി ദിനം ആചരിച്ചു. സഹോ. സച്ചിൻ വ്യാസിൻെറ സ്വാഗതത്തോടെയും ഒരു പ്രാവിൻെറ കൂട് നിർമ്മാണത്തോടെയും പരിപാടി ആരംഭിച്ചു. പ്രാവിൻെറ കൂട് എങ്ങനെ ശരിയായി വയ്ക്കുമെന്നതിനെയും പക്ഷികൾക്ക് എങ്ങനെ ഭക്ഷണം നൽകുമെന്നതിനെയും, ചെടി നട്ടു പിടിപ്പിക്കുന്നതിനെപ്പറ്റിയുമൊക്കെ പക്ഷിശാസ്ത്രജ്ഞനായ സഹോ. അർപിത്ത് ദിയോമൂർത്തി സംസാരിച്ചു. നഗരപ്രദേശത്തേക്ക് കൂടുതൽ പക്ഷികളെ ആകർഷിക്കുന്നതിനെയും അന്തരീക്ഷം എങ്ങനെ സൂക്ഷിക്കണമെന്നതിനെയുമൊക്കെ കുട്ടികൾക്ക് മനസ്സിലാക്കികൊടുക്കുകയും പിന്നെ അവർക്ക് പ്രാവിൻെറ കൂടും ചെടികളും പക്ഷി ഭക്ഷണവും സമ്മാനമായി നൽകുകയും ചെയ്തു.

## ഹൃദയത്തിൽ നിന്ന് ഹൃദയത്തിലേക്ക്, റായ്പ്പൂർ, ഛത്തീസ്ഗഢ്

ഏപ്രിൽ 24-ാം തീയതി റായ്പൂർ ആശ്രമത്തിൽ സംഘടിപ്പിച്ച ഹൃദയത്തിൽ നിന്നും ഹൃദയത്തിലേക്ക് എന്ന പരിപാടിയിൽ 37 സഹോദരിമാർ പങ്കെടുത്തു. എട്ടു ഗ്രൂപ്പുകളിലായി വേർതിരിച്ച് ഓരോ ഗ്രൂപ്പിനും ചർച്ചക്കായ് ഓരോ ശീർഷകവും നൽകി. സഹോദരിമാർ ചുറുചുറുക്കോടെ നടത്തിയ ചർച്ച ഗ്രൂപ്പ് ലീഡർമാർ സാരാംശമായി അവതരിപ്പിച്ചു. 'SISTER' എന്ന വാക്കിലെ എല്ലാ അക്ഷരങ്ങൾക്കും ഒരു വ്യാഖ്യാനം കൊടുക്കുകയും പിന്നെ പത്തു കൽപനകൾ ദൃഢമായി അനുസരിക്കുന്നതോടെ അവരുടെ ആദ്ധ്യാത്മികവും ലൗകിക ജീവിതവും തുലനത്തോടെ കൊണ്ടുപോകുവാൻ പ്രേരിപ്പിക്കും എന്ന് മനസ്സിലാക്കി. സഹജമാർഗ്ഗം ജീവിതത്തിൽ ഫലിപ്പിക്കുവാൻ പങ്കെടുത്തവർ കൂടുതൽ അഭ്യാസികളിൽ പ്രേരണ നൽകി വരുന്നു. സഹജമാർഗ്ഗത്തിൽ വന്നതിനുശേഷം അവരുടെ ചിന്താധാര സ്പഷ്ടമാവുകയും കുട്ടികളുടെ സ്വഭാവം മെച്ചപ്പെട്ടുവെന്നും, ജീവിത ക്ലേശങ്ങൾ സുഖമമായി പരിഹരിക്കുവാൻ പറ്റുന്നുവെന്നും പരിപാടിയിൽ പങ്കെടുത്ത സഹോദരിമാർ സമർത്ഥിച്ചു. കുട്ടികളിൽ പഠനത്തോട് ഒരു മതിപ്പ് കൂടുതലും, മാസ്റ്ററോടുള്ള സ്നേഹവും പിന്നെ ആശ്രമത്തിലെ പരിപാടികളിൽ പങ്ക് കൊള്ളുക എന്ന നല്ല മനോഭാവം കൈവന്നുവെന്നും ചർച്ചയിൽ ഉരുത്തിരിഞ്ഞു. മാതാപിതാക്കന്മാർ സഹജമാർഗ്ഗം പരിശീലിക്കുന്നതിൽ കുട്ടികൾ സന്തോഷവാന്മാരാണ്. അഭ്യാസികളാവാൻ പതിനെട്ട് വയസ്സാവുന്നതിനായി അവർ കാത്ത് നിൽക്കുകയാണ്. പല സഹോദരിമാരും സർഗ്ഗാത്മകമായി അവരുടെ അനുഭവങ്ങൾ വിലയിരുത്തി, പലരും മാസ്റ്ററുമായുള്ള ആന്തരിക ബന്ധത്തെപ്പറ്റി പറഞ്ഞു. മാസ്റ്ററുള്ളിലുള്ള വിശ്വാസത്തിലൂടെ മാറാവ്യാധി പൂർണ്ണമായും ഭേദമായതിനെപ്പറ്റി ഒരു സഹോദരി സംസാരിച്ചു. അന്തിമമായി നിറകണ്ണുകളോടെ മാസ്റ്ററെ എല്ലാവരും സ്മരിക്കുകയും തങ്ങളുടെ അനുഭവങ്ങളെപ്പറ്റി ചർച്ച നടത്തുവാൻ അവസരം ഉണ്ടാക്കികൊടുത്ത പ്രിഫെക്റ്റ് സഹോ. രജനി ദത്തയോട് പങ്കെടുത്തവരെല്ലാം നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. സ്നേഹത്തിൻെറയും ഭക്തിയുടെയും ഒരു പുതു ജീവൻ എല്ലാവരിലും നൽകിക്കൊണ്ട് ഹൃദയത്തിൽ നിന്നു ഹൃദയത്തിലേക്ക് എന്നുള്ള ഈ പരിപാടിയുടെ പരിസമാപ്തിയായി.

വാല്യം 4 ലക്കം 4 ജൂലൈ 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

# പ്രകാശകേന്ദ്രം

## മധുരൈ ആശ്രമം








1975–ൽ തെപ്പാക്കുളത്തുള്ള സഹോ.തസ്മർസ്വാമിയുടെ വസതിയിൽ നിന്നാണ് എസ്.ആർ.സി.എം. മധുരൈ സെൻററിൻെറ തുടക്കം. ബാബുജി മഹാരാജിൻെറ 78–ാം പിറന്നാൾ അദ്ദേഹത്തിൻെറ ദിവ്യ സാന്നിധ്യത്തിൽ ആഘോഷിക്കുവാനുള്ള ഭാഗ്യം ഈ സെൻററിനുണ്ടായി. അന്ന് ഏകദേശം 800–റോളം അഭ്യാസികൾ ആഘോഷത്തിൽ പങ്കെടുക്കുകയും തമിഴിലും ഇഗ്ലീഷിലും സ്മരണിക ഇറക്കുകയും ചെയ്തു.

മധുരൈ സെൻറർ അതിൻെറ രജതജൂബിലി 1992 ഏപ്രിൽ 11–നും 12–നും അഘോഷിച്ചു. ആ അവസരത്തിൽ മാസ്റ്റർ ഇപ്രകാരം പറഞ്ഞു "അതുപോലെ തന്നെ ആത്മീയതയിലേക്കു ഇറങ്ങിയവർക്കു ധ്യാനം എന്നതു ഒരു മണിക്കൂർ മാത്രമുള്ള ഒരു ചടങ്ങല്ല, ലക്ഷ്യപ്രാപ്തിക്കായുള്ള ഏകാഗ്രചിത്തമായ കടമയാണ്. ധ്യാനം നമ്മുടെ സാംസ്കാരികപാരമ്പര്യത്തിൻെറ ഒരു സ്ഥായിയായ വിശേഷഗുണമായിരിക്കണം''. ആ ആഘോഷത്തിനു ശേഷം, സെൻറർ മാരിയമ്മൻ തോപ്പാക്കുളം വെസ്റ്റ് ബാങ്കിലുള്ള സഹോ. ഗോകുൽനാഥ് പ്രേംചന്ദിൻെറ വസതിയിലേക്കു മാറ്റി.

### മധുരൈ ആശ്രമത്തിൻെറ തുടക്കം

മധുരൈയിലെ അഭ്യാസി സഹോദരന്മാർ അലഗർകോയിലുള്ള സുന്ദരരാജൻപട്ടി എന്ന സ്ഥലത്ത് ആശ്രമത്തിനായുള്ള സ്ഥലം നൽകാൻ തീരുമാനിച്ചു. ഈ സ്ഥലം റയിൽവേ സ്റ്റേഷനിൽ നിന്നും ബസ്സ് സ്റ്റാൻഡിൽ നിന്നും 11 കിലോമീറ്റർ ദൂരത്തിലാണ്. 1992 – 1994 കാലയളവിൽ, ഏകദേശം 2.87 ഏക്കർ സ്ഥലം മിഷനുവേണ്ടി വാങ്ങിച്ചു. ആ സ്ഥലത്തിൻെറ ബാക്കിയുള്ള ഭാഗം, ദാദാക്കളായ അഭാസികൾക്കായി മാറ്റിവച്ചു.

മാസ്റ്റർ ആ സ്ഥലത്തിനു 'ശ്രീരാം ചന്ദ്ര പുരം' എന്നു പേരിട്ടു. ഇതു കൂടാതെ മാസ്റ്റർ നൽകിയ സംഭാവന വച്ച് 1 1/2 ഏക്കർ സ്ഥലം കൂടി വാങ്ങിക്കുകയും അങ്ങിനെ മൊത്തം സ്ഥലം 4 ഏക്കർ 20 സെൻറ് ആയി വർധിപ്പിക്കുകയും ചെയ്തു.

1995–ൽ അവിടെ ഓലമേഞ്ഞ കെട്ടിടത്തിൽ സത്സംഗം ആരംഭിച്ചു. പിന്നീട് ഒരു കെട്ടിടം നിർമ്മിക്കുകയും 1997 സെപ്റ്റംബർ 22–ാം തീയതി അതു ഉദ്ഘാടനം ചെയ്തതായി മാസ്റ്റർ പ്രഖ്യാപിക്കുകയും അതിനു 'മാസ്റ്റേർസ് ചേംബർ' എന്ന പേരുനൽകുകയും ചെയ്തു. ഇതു കൂടാതെ 'സാധന നിലയ'ത്തിൻെറ ശിലാസ്ഥാപന കർമ്മവും മാസ്റ്റർ നിർവ്വഹിച്ചു. 2004 നവംബർ 17–ാം തീയതി 10,800 ചതുരശ്ര അടിയുള്ള പുതിയ ധ്യാന മന്ദിരം ഉദ്ഘാടനം ചെയ്തു. അവിടെ സ്റ്റേജിൽ വച്ചിട്ടുള്ള മാസ്റ്ററുടെ അതിമനോഹരമായ ഒരു പൂർണകായ ചിത്രം കണ്ണിനു ആനന്ദദായകരമായതാണ്. 1500–ഓളം പേർക്കു ഇരിക്കാൻ പറ്റുന്ന താൽക്കാലികമായുള്ള ഒരു കെട്ടിടമാണിത്. മണപ്പാക്കം ബാബുജി മെമ്മോറിയൽ ആശ്രമത്തിലെ പഴയ ഡോർമിറ്ററി പൊളിച്ചപ്പോൾ കിട്ടിയ വസ്തുക്കൾ ഉപയോഗിച്ചാണ് ഈ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. മാസ്റ്റർ സമ്മാനിച്ചതായിരുന്നു ഇവ.

ഇതു കൂടാതെ ഒരു ഡോർമിറ്ററി, കാൻറീൻ, അടുക്കള, ഡൈനിംഗ് ഹാൾ, പഠന മുറി ഉൾപ്പെടെ കുട്ടികളുടെ പ്രവർത്തനങ്ങൾക്കായുള്ള സൗകര്യം എന്നിവ ഉണ്ട്. 2009–ൽ അത്യാവശ്യ സാമഗ്രികളോടു കൂടി കുട്ടികൾക്കായുള്ള കളിസ്ഥലവും ഒരു ലൈബ്രറിയും ഉണ്ടാക്കി.

കഴിഞ്ഞ 6 വർഷങ്ങളായി എസ്.എം.എസ്.എഫ്ൻെറ സംഭാവനയാൽ ചുറ്റുമുള്ള ഗ്രാമത്തിലെ ജനങ്ങൾക്കായി മാസത്തിലെ ആദ്യത്തെ ഞായറാഴ്ച അഭ്യാസി ഡോക്ടർമാരും മറ്റു മെഡിക്കൽ സ്റ്റാഫുകളും ചേർന്ന് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തിവരുന്നു.

1992–ലെ ശരാശരി 65 അഭ്യാസികൾ ഉണ്ടായിരുന്നിടത്തുനിന്ന് ഇപ്പോൾ ഞായറാഴ്ച സത്സംഗങ്ങളിൽ 450–ഓളം പേരായി ഈ സെൻറർ വളർന്നിരിക്കുന്നു. ഈ സ്ഥലത്തേക്കുള്ള അദ്ദേഹത്തിൻെറ ആദ്യ സന്ദർശന വേളയിൽ ഇവിടം തരിശുഭൂമിയായി കിടക്കുന്നതുകണ്ട് അഭ്യാസികളോടായി "ഇവിടത്തെ പച്ചപ്പുള്ളതാക്കി മാറ്റൂ" എന്ന് അദ്ദേഹം ഉപദേശിച്ചു. അദ്ദേഹത്തിൻെറ അനുഗ്രഹത്താൽ ഇപ്പോൾ ആശ്രമത്തിൽ നിറയെ മരങ്ങൾ ഉണ്ട്. ഇത് ഇവിടത്തെ അന്തരീക്ഷത്തെ തണുത്തതും പരിശുദ്ധവും ശാന്തവുമാക്കുന്നു.







**To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org**
© 2011 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.